# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




സെപ്റ്റംബർ 14 – വിശുദ്ധ സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ

Vol. LXXIV September 2024 No. 9

# പ്രാർത്ഥനാശംസകൾ





ചങ്ങനാശ്ശേരി അതിരൂപതയുടെ
മെത്രാപ്പോലീത്തയായി നിയമിതനായിരിക്കുന്ന
അഭിവന്ദ്യ
**മാർ തോമസ് തറയിൽ പിതാവിനും,**

ഷംഷാബാദ് രൂപതയുടെ
മെത്രാനായി നിയമിതനായിരിക്കുന്ന
അഭിവന്ദ്യ
**പ്രിൻസ് പണേങ്ങാടൻ പിതാവിനും**
പാലാ രൂപതയുടെ
പ്രാർത്ഥനാശംസകൾ
















പാലാ അൽഫോൻസിയൻ
പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു
നടന്ന 5–ാമത് സീറോമലബാർ
മേജർ ആർക്കി എപ്പിസ്കോപ്പൽ
അസംബ്ലിയിൽനിന്ന്






















ഇന്ത്യയിലെ വത്തിക്കാൻ
സ്ഥാനപതിയായ
ആർച്ചുബിഷപ്
ലെയോപോൾദോ ജിറേല്ലി
പാലാ കത്തീഡ്രൽ
സന്ദർശിച്ചപ്പോൾ



"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**SEPTEMBER 2024**
**Vol. LXXIV No. 9**

# CONTENTS


സർക്കുലർ ........................................................................ 671

അറിയിപ്പ് ........................................................................ 679

വാർത്തകൾ ........................................................................ 681

ആദരാഞ്ജലികൾ ........................................................................ 722

അഭിവന്ദ്യപിതാവിന്റെ ഡയറി ........................................................................ 726

Prot. No. 0857/2024

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

**മാർ റാഫേൽ തട്ടിൽ**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്,

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോ മലബാർ സഭയുടെ മുപ്പത്തിരണ്ടാമതു സിനഡിന്റെ മൂന്നാം സമ്മേളനം 2024 ഓഗസ്റ്റ് 19 മുതൽ 31 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. പ്രതിസന്ധികൾക്കിടയിലും ദൈവപരിപാലനയുടെ അതിശയകരമായ നടത്തിപ്പ് അനുഭവിച്ചറിയാനുള്ള അവസരമായാണ് സിനഡുസമ്മേളനം അനുഭവപ്പെട്ടത്. സഭയെയും സമൂഹത്തെയും ബാധിക്കുന്ന നിരവധി കാര്യങ്ങൾ സിനഡുപിതാക്കന്മാരുടെ പരിചിന്തനത്തിനു വിഷയമായി.

**പ്രകൃതിദുരന്തങ്ങൾ**

വയനാട്ടിലും വിലങ്ങാടും സംഭവിച്ച സമാനതകളില്ലാത്ത പ്രകൃതിദുരന്തത്തിൽ മരണമടഞ്ഞവരെ സിനഡ് പ്രാർഥനാപൂർവം അനുസ്മരിച്ചു. ഉറ്റവരെയും ഉടയവരെയും മാത്രമല്ല ഉള്ളതെല്ലാം നഷ്ടപ്പെട്ട് അനാഥരായിത്തീർന്ന ദുരിതബാധിതർക്കൊപ്പം കേരളമൊന്നാകെ നിലകൊണ്ടതു നമ്മുടെ സമൂഹത്തിന്റെ നന്മയും പ്രത്യാശയുടെ പ്രകാശവുമാണ്. ദുരന്തബാധിതരെ പുനരധിവസിപ്പിക്കാനുള്ള സംരംഭത്തിൽ സഭയുടെ സമ്പൂർണമായ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്.

വിവിധ സംസ്ഥാനങ്ങളിലെ കത്തോലിക്കാമെത്രാൻസമിതികളുടെ സഹകരണത്തോടെ ഭവനങ്ങൾ നിർമിച്ചുനല്കാനും ഭൂരഹിതരായവർക്കു ഭവനനിർമാണത്തിനാവശ്യമായ ഭൂമി സൗജന്യമായി വിട്ടുനല്കാനുമുള്ള സഭയുടെ സന്നദ്ധത ഉത്തരവാദിത്വപ്പെട്ടവരെ ഇതിനോടകം അറിയിച്ചിട്ടുണ്ട്. പുനരധിവാസപ്രക്രിയ ത്വരിതഗതിയിലാക്കാനും ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരപാക്കേജുകൾ സത്വരമായി പ്രഖ്യാപിക്കാനും സിനഡുസമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നാം 'അധിവസിക്കുന്ന പൊതുഭവനം' എന്ന് ഫ്രാൻസിസ് മാർപാപ്പാ വിശേഷിപ്പിച്ച നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധമാണ്. എന്നാൽ, പരിസ്ഥിതിക്ക് ആഘാതംവരുത്തുന്ന വിവിധ ഖനനങ്ങൾക്കും വൻകിട നിർമാണങ്ങൾക്കും നേരേ കണ്ണടയ്ക്കുകയും കർഷകരെ പരിസ്ഥിതിഘാതകരായി ചിത്രീകരിക്കുകയും ചെയ്യുന്ന തെറ്റായ പരിസ്ഥിതിവാദത്തെ സഭ തിരിച്ചറിയുന്നുണ്ട്.

പ്രകൃതിദുരന്തങ്ങളുടെ മറവിൽ കർഷകദ്രോഹപരമായ നടപടികളാരംഭിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന നീക്കങ്ങൾ അപലപനീയമാണ്. പരിസ്ഥിതിലോലപ്രദേശങ്ങളായി കേരളത്തിലെ 131 വില്ലേജുകൾ ഉൾപ്പെടുത്തിക്കൊണ്ടു കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനം മലയോരക്കർഷകരിൽ ഏറെ ആശങ്കയുളവാക്കുന്നുണ്ട്. ആയുസ്സുമുഴുവനും അധ്വാനിച്ചുണ്ടാക്കിയ സ്വന്തം കൃഷിഭൂമി മൂല്യരഹിതമായിത്തീരുന്ന ദയനീയമായ സാഹചര്യമാണ് ഈ വിജ്ഞാപനംവഴി കർഷകർക്കുണ്ടായിരിക്കുന്നത്.

ആഗോളതാപനംവഴിയുള്ള അതിവർഷംതുടങ്ങി പ്രകൃതിദുരന്തങ്ങളുടെ യഥാർഥ കാരണം വിശദീകരിക്കുന്ന ശാസ്ത്രീയപഠനങ്ങളെ നിരാകരിച്ചുകൊണ്ട് കർഷകരെ ബലിയാടാക്കാനുള്ള നീക്കം പ്രതിഷേധാർഹവും തിരുത്തപ്പെടേണ്ടതുമാണ്. ഇക്കാര്യത്തിൽ കർഷകരുടെ ആശങ്കയ

കറ്റാനുള്ള വ്യക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം.

**സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

സീറോമലബാർസഭയുടെ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിക്ക് ഓഗസ്റ്റ് 22 മുതൽ 25 വരെ പാലാ രൂപതയിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റി റ്റ്യൂട്ടും സെന്റ് തോമസ് കോളജും സംയുക്തമായി ആതിഥേ യത്വം വഹിച്ചു. സംഘാടനമികവുകൊണ്ടും കൂട്ടായ്മയുടെ സാക്ഷ്യംകൊണ്ടും ചർച്ചാവിഷയങ്ങളുടെ കാലികപ്രസക്തി കൊണ്ടും ഇത്തവണത്തെ അസംബ്ലി ഏറെ ശ്രദ്ധേയമായി രുന്നു. വിശ്വാസപരിശീലനത്തിലെ നൂതനാഭിമുഖ്യങ്ങൾ, മിഷൻപ്രവർത്തനത്തിലെ അല്മായരുടെ പങ്കാളിത്തം, സീറോ മലബാർ സമുദായശക്തീകരണം എന്നീ വിഷയങ്ങളെ ആധാര മാക്കിയുള്ള പഠനങ്ങളും പരിചിന്തനങ്ങളുമാണ് അസംബ്ലി യിൽ പ്രധാനമായും നടന്നത്.

സീറോമലബാർസഭയിലെ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെടുന്ന 348 അംഗങ്ങളാണ് അസംബ്ലിയിൽ പങ്കെടുത്തത്. സഭയുടെ മുന്നോട്ടുള്ള പ്രയാണ ത്തിന്റെ ഗതി നിർണയിക്കാൻ സഹായകമായ ശ്രദ്ധേയമായ തീരുമാനങ്ങളും കർമപദ്ധതികളും അസംബ്ലിയിൽ രൂപീകരി ച്ചിട്ടുള്ളത് വിശദമായി നിങ്ങളെ പിന്നീട് അറിയിക്കുന്നതാണ്.

മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കംമൂലമുള്ള ദുർ ബലാവസ്ഥ കേരളത്തിന്റെ മൂന്നിലൊരു ഭാഗത്തിനു നാശം വരുത്താൻ പര്യാപ്തമായ ഭീഷണിയായി വളർന്നിട്ടുണ്ട്. 'തമിഴ് നാടിനു വെള്ളവും കേരളത്തിനു സുരക്ഷിതത്വവു'മെന്ന നില പാടിൽ ഉറച്ചുനിന്നുകൊണ്ടു ജനങ്ങളുടെ ആശങ്കയകറ്റാനുള്ള സത്വരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാക ണമെന്നു സഭാ അസംബ്ലി സർക്കാരിനോടാവശ്യപ്പെട്ടു.

ന്യൂനപക്ഷമായ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠി ക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ

റിപ്പോർട്ടു പ്രസിദ്ധീകരിക്കാനോ നിർദേശങ്ങൾ നടപ്പാക്കാനോ സർക്കാർ നാളിതുവരെ യാതൊന്നും ചെയ്തില്ല എന്ന സത്യം ക്രൈസ്തവസമൂഹത്തെ ഏറെ വേദനിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സുതാര്യവും നീതിപൂർവകവുമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നു സഭ ആവശ്യപ്പെടുന്നു.

**കുടുംബപ്രാർഥന**

നമ്മുടെ കുടുംബങ്ങളുടെ ശക്തികേന്ദ്രം നിത്യേനയുള്ള കുടുംബപ്രാർഥനകളായിരുന്നു. തലമുറകളെ വിശ്വാസപാരമ്പര്യത്തിലും സഭാസ്നേഹത്തിലും നിലനിറുത്തുന്നതിൽ കുടുംബപ്രാർഥനയ്ക്കുള്ള പങ്കു വലുതാണ്. എന്നാൽ, ജോലിത്തിരക്കുകൾമൂലവും കുടുംബാംഗങ്ങൾ വിവിധ ദേശങ്ങളിൽ ആയിരിക്കുന്ന സാഹചര്യത്തിലും നമ്മുടെ പവിത്രമായ കുടുംബപ്രാർഥനാസംസ്കാരത്തിനു കുറവുവന്നിട്ടുള്ളതായി സിനഡ് വിലയിരുത്തി. നമ്മുടെ കുടുംബങ്ങളുടെ കൂട്ടായ്മയെയും നിലനില്പിനെയും പരിപോഷിപ്പിക്കുന്ന കുടുംബപ്രാർഥനാരീതി അവികലമായി നിലനിറുത്താൻ എല്ലാ കുടുംബാംഗങ്ങളും പരിശ്രമിക്കണം.

**ഏകീകൃത വിശുദ്ധ കുർബാനയർപ്പണം**

നമ്മുടെ സഭയുടെ ഏകീകൃത കുർബാനക്രമം എല്ലാ രൂപതകളിലും നടപ്പിലാക്കാനുള്ള 2021 ലെ സിനഡുതീരുമാനം സഭയിലുടനീളം മാറ്റമില്ലാതെ തുടരുന്നതാണ്. എന്നാൽ, ഈ തീരുമാനം പൂർണമായും നടപ്പാക്കാൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ല എന്നത് ഏറെ ദുഃഖകരമാണ്. സിനഡുതീരുമാനം നടപ്പാക്കാനുള്ള അജപാലനപരമായ പ്രതിസന്ധികൾ നിലനില്ക്കുന്നതിനാൽ, എറണാകുളം - അങ്കമാലി അതിരൂപതയെ മനസ്സിലാക്കാനും പിതൃസഹജമായ സ്നേഹത്തോടെ ചേർത്തുപിടിക്കാനുമാണ് സിനഡ് ശ്രമിച്ചത്. ഇതിന്റെ ഭാഗമായി, ഞായറാഴ്ചകളിലും കടമുള്ള മറ്റു ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും ഏകീകൃതരീതിയിൽ ചൊല്ലിത്തുടങ്ങുന്ന

പള്ളികളിലെ വൈദികർക്കു സഭാപരമായ നടപടികളിൽനിന്നു താത്കാലികമായി ഇളവുനല്കുമെന്ന് അറിയിച്ചിരുന്നു.

ഏകീകൃതകുർബാനയർപ്പണം അതിരൂപതമുഴുവനിലും നടപ്പാക്കാനായി ബോധവത്കരണത്തിനുവേണ്ടിയുള്ള സാവകാശമായിട്ടാണ് ഈ ഇളവു നല്കിയത്. ഈ നിർദേശം നൂറിലധികം പള്ളികളിൽ നടപ്പായെങ്കിലും അതിരൂപതയിലെ മറ്റു പള്ളികൾ ഇക്കാര്യത്തിൽ പുലർത്തുന്ന വൈമുഖ്യത്തെ യാതൊരു വിധത്തിലും നീതീകരിക്കാനാവില്ല. ഇത്തരം നിലപാടുകൾ കുറ്റകരമായിക്കണ്ടു നടപടികൾ സ്വീകരിക്കുന്നതാണ്. ഏകീകൃതകുർബാനയർപ്പണരീതി നടപ്പാക്കിയ പള്ളികളിൽ പലതിലും ആത്മാർഥമായ സമീപനം പ്രകടമായില്ല എന്ന പരാതി നിലവിലുണ്ട്.

ഒരുമിച്ചുനടക്കാനുള്ള സിനഡിന്റെ പരിശ്രമങ്ങളെ ശരിയായ അർഥത്തിൽ മനസ്സിലാക്കി സഹകരിക്കാൻ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരോടും സമർപ്പിതരോടും അല്മായരോടും സിനഡ് ആവശ്യപ്പെടുകയാണ്. ഏറെ വെല്ലുവിളികൾക്കിടയിലും അപ്പസ്തോലികധീരതയോടെ സിനഡിന്റെ തീരുമാനം നടപ്പാക്കിയ വൈദികരെയും ഇടവകകളെയും സിനഡ് ആദരപൂർവം സ്മരിക്കുന്നു. അതിരൂപതയിൽ സിനഡിന്റെ തീരുമാനം നടപ്പാക്കാനുള്ള വ്യക്തമായ നിർദേശങ്ങൾ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവിനു നല്കിയിട്ടുണ്ട്. ഏകീകൃതകുർബാനയർപ്പണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളോട് എല്ലാവരും സർവാത്മനാ സഹകരിക്കണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

**ജൂബിലിവർഷം**

നമ്മുടെ കർത്താവീശോമിശിഹായുടെ ജനനത്തിന്റെ അനുസ്മരണമായി 2025-ാം ആണ്ടിനെ സാധാരണ ജൂബിലി വർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ച വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പ്രതിസന്ധി

കളുടെ ഈ കാലഘട്ടത്തിൽ "പ്രത്യാശയുടെ തീർഥാടകരാകുവിൻ' എന്ന ആഹ്വാനമാണ് പരിശുദ്ധപിതാവു ജൂബിലിവർഷത്തിൽ നല്കുന്നത്. നമ്മുടെ കർത്താവിലുള്ള വിശ്വാസത്തെ സഭയിലൂടെ ആഘോഷിക്കുക എന്നതാണ് ജൂബിലിവർഷത്തിന്റെ ലക്ഷ്യമായി നല്കിയിരിക്കുന്നത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന അപ്പസ്തോലികപ്രബോധനത്തിലൂടെ ജൂബിലിയാഘോഷത്തിനുള്ള മാർഗരേഖ നമുക്കു നല്കപ്പെട്ടിട്ടുണ്ട്. 2024 ഡിസംബർ മാസം ജൂബിലിക്കടുത്ത ഒരുക്കത്തിനായുള്ള പ്രാർത്ഥനാദിനങ്ങളായി നാം ആചരിക്കണം.

2024 ഡിസംബർ 24 നു രാത്രി എല്ലാ കത്തീഡ്രൽപള്ളികളിലും, തുടർന്നുവരുന്ന ഞായറാഴ്ച എല്ലാ ഇടവകപ്പള്ളികളിലും ജൂബിലിവർഷം, ജൂബിലിതിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്. ജൂബിലിവർഷത്തിന്റെ ലോഗോ ഉൾപ്പെടുന്ന ഫലകം എല്ലാ പള്ളികളിലും സ്ഥാപിക്കേണ്ടതാണ്. ജൂബിലിവർഷത്തിൽ തിരുസ്സഭാമാതാവു തന്റെ മക്കൾക്കു നല്കുന്ന വിവിധങ്ങളായ വരപ്രസാദവഴികളെയും ദണ്ഡവിമോചനങ്ങളെയും വ്യക്തമാക്കിക്കൊണ്ടുള്ള ഇടയലേഖനം രൂപതാധ്യക്ഷന്മാർ നല്കുന്നതായിരിക്കും.

പരിശുദ്ധ കുർബാന, അനുരഞ്ജനകൂദാശ എന്നിവയിൽ അധിഷ്ഠിതമായതും തീർഥാടനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ കർമപദ്ധതിയാണ് രൂപതാതലങ്ങളിൽ നടപ്പാക്കേണ്ടത്. സഭയിലുടനീളം പ്രത്യാശയുടെ പുതിയ പ്രകാശം പരക്കാനും കൂട്ടായ്മയുടെയും സഭാസ്നേഹത്തിന്റെയും പുതിയ വസന്തം വിരിയാനും ജൂബിലിവർഷം നിമിത്തമാകട്ടെ എന്നു പ്രാർഥിക്കുന്നു.

**പുതിയ ഇടയന്മാർ**

നമ്മുടെ സഭയ്ക്കുള്ള ദൈവത്തിന്റെ സമ്മാനമായി രണ്ടു പുതിയ ഇടയന്മാരെ ലഭിച്ചുവെന്നത് ഏറെ അഭിമാനകരവും

സന്തോഷകരവുമാണ്. ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പ്രസ്തുത അതിരൂപതയുടെ സഹായ മെത്രാനായി സേവനം ചെയ്തുവരികയായിരുന്ന മാർ തോമസ് തറയിൽ പിതാവ് നിയമിതനായി. അറിയപ്പെടുന്ന മനഃശാസ്ത്രവിശാരദനും സാമൂഹിക, ആത്മീയമേഖലകളിലെ നലംതികഞ്ഞ നായകനുമായ നിയുക്ത ആർച്ചുബിഷപ്പിനു സഭയുടെ മുഴുവൻ പ്രാർഥനാമംഗളങ്ങൾ നേരുന്നു.

പിതൃസഹജമായ വാത്സല്യത്തോടും സീറോമലബാർ സഭയുടെ പാരമ്പര്യങ്ങളോടുള്ള അവികലമായ വിശ്വസ്തതയോടും കുലീനമായ ശാന്തതയോടുംകൂടി കഴിഞ്ഞ ഇരുപത്തിരണ്ടു വർഷങ്ങൾ ചങ്ങനാശ്ശേരി അതിരൂപതയിൽ മേല്പട്ട ശുശ്രൂഷ നിർവഹിച്ച അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിട്ടുണ്ട്. പിതാവിന്റെ സേവനങ്ങളെ ആദരവോടെ സ്മരിച്ചുകൊണ്ടു താപസതുല്യമായ പിതാവിന്റെ വഴികളെ കർത്താവു തുടർന്നും അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഭൂവിസ്തൃതികൊണ്ട് ഭാരതത്തിലെ ഏറ്റവും വലിയ രൂപതയായ ഷംഷാബാദിന്റെ രണ്ടാമത്തെ മെത്രാനായി അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവു നിയമിതനായി. സഹജമായ പ്രേഷിതതീക്ഷ്ണതയും കഠിനാധ്വാനശീലവും ജീവിതലാളിത്യവും അഭിവന്ദ്യപിതാവിനു പുതിയ ദൗത്യത്തിൽ സഹായകമാകുമെന്ന് ഉറപ്പുണ്ട്. സഭയുടെ പ്രേഷിതമുഖമായി മാറാൻ പിതാവിനു കഴിയട്ടെയെന്നു പ്രാർഥിക്കുന്നു. ചങ്ങനാശ്ശേരി അതിരൂപതയ്ക്കും ഷംഷാബാദ് രൂപതയ്ക്കും സഭ മുഴുവന്റെയും പ്രാർഥനാശംസകൾ നേരുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനു

ഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2024-ാം ആണ്ട് ഓഗസ്റ്റുമാസം 31-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ സർക്കുലർ 2024 സെപ്റ്റംബർ 8-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# അറിയിപ്പ്

1. പള്ളിശുശ്രൂഷികളുടെയും പള്ളിജീവനക്കാരുടെയും യോഗം സെപ്റ്റംബർ 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെടുന്നു.

2. പ്രസ്ബിറ്ററൽ കൗൺസിൽ യോഗം സെപ്റ്റംബർ 19-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 ന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെടുന്നു.

3. പാസ്റ്ററൽ കൗൺസിൽ യോഗം സെപ്റ്റംബർ 25-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെടുന്നു.

4. പാലാ കാരിത്താസ്‌വഴി വിദ്യാഭ്യാസവായ്പ ആവശ്യം ഉള്ളവർ ബിഷപ്സ് ഹൗസിൽ പ്രവർത്തിക്കുന്ന പാലാ കാരിത്താസ് ഓഫീസിൽനിന്ന് അപേക്ഷാഫോറം കൈപ്പറ്റാവുന്നതാണ് എന്ന കാര്യം പള്ളിയിൽ അറിയിക്കുമല്ലോ.

## സംഭാവനശേഖരണം

2024 സെപ്റ്റംബർ 15-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും പാലാ കാരിത്താസിനുവേണ്ടിയുള്ള പിരിവ് നടത്തുകയും പ്രസ്തുത തുക ഒക്ടോബർ 20-ാം തീയതിക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

## സമ്പർക്കമാധ്യമദിനം

സെപ്റ്റംബർ 22-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ സമ്പർക്കമാധ്യമദിന സംഭാവനശേഖരണം നടത്തുകയും ലഭിക്കുന്ന തുക ഒക്ടോബർ 27 നു മുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1 | ശ്രീജമോൾ, തോടനാൽ | 30,000.00 | |
| 2 | ശാന്തമ്മ, വലവൂർ | 23,613.00 | |
| 3 | മിനി, പാലയ്ക്കാട്ടുമല | 166,542.00 | |
| 4 | ജോസഫ് വർക്കി, കടപ്ലാമറ്റം | 24,883.00 | |
| 5 | ടോമി സെബാസ്റ്റ്യൻ, നരിയങ്ങാനം | 50,000.00 | |
| 6 | ഷൈബി ബിനോയ്, കുറിഞ്ഞി | 10,000.00 | |
| 7 | മോളി സാബു, ഐങ്കൊമ്പ്, | 29,750.00 | |
| 8 | ജെസ്സി ബെന്നി, ളാലം Old | 10,000.00 | |
| 9 | രാജീവ് ജോസ്, മംഗളഗിരി | 34,020.00 | |
| 10 | രാധ, ളാലം Old | 10,000.00 | |
| 11 | ജിഷ, കടപ്ലാമറ്റം | 47,702.00 | |
| 12 | ജോസഫ്, മുട്ടുചിറ | 50,000.00 | |
| 13 | കെ. വി. ജോസ്, മുട്ടുചിറ | 50,000.00 | |
| 14 | ഷിബു സെബാസ്റ്റ്യൻ, മുട്ടുചിറ | 50,000.00 | |
| 15 | ജോർജ് ജോസഫ്, കുന്നോന്നി | 20,931.00 | |
| 16 | വർഗീസ്, രാമപുരം | | 201,908.00 |
| 17 | കുഞ്ഞുമോൻ, പൂവരണി | | 150,000.00 |
| 18 | മേരി, പൂവരണി | | 30,000.00 |
| 19 | ജോളി, ഉള്ളനാട് | | 411,970.00 |
| 20 | സണ്ണി, കടുത്തുരുത്തി | | 1,250,000.00 |
| 21 | സൂരജ്, കടുത്തുരുത്തി | | 800,000.00 |
| 22 | അലസ് ആന്റണി, കടുത്തുരുത്തി | | 800,000.00 |
| 23 | ജെയ്മോൻ, കടുത്തുരുത്തി | | 750,000.00 |
| 24 | ഹെൻട്രി, കടുത്തുരുത്തി | | 775,000.00 |
| 25 | വിനോദ്, കടുത്തുരുത്തി | | 538,610.00 |
| 26 | കുഞ്ഞുമോൻ, കടുത്തുരുത്തി | | 450,000.00 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റി പാലാ അസംപ്ഷൻ മെഡിക്കൽ സെന്റർ മേലുകാവുമറ്റത്ത് ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റി പാലാ അസംപ്ഷൻ മെഡിക്കൽ സെന്റർ മേലുകാവുമറ്റത്ത് പ്രവർത്തനം ആരംഭിച്ചു. ആശീർവാദകർമ്മം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. തുടർന്നുനടന്ന സമ്മേളനത്തിൽ സി.എസ്.ഐ ഈസ്റ്റ് കേരള ബിഷപ് റൈറ്റ് റവ. വി. എസ്. ഫ്രാൻസിസ് മെഡിക്കൽ സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഉദ്ഘാടനസമ്മേളനത്തിന് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ഫ്രാൻസിസ് ജോർജ് എം.പി, മാണി സി. കാപ്പൻ എം. എൽ. എ, മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, മേലുകാവുമറ്റം സെന്റ് തോമസ് ചർച്ച് വികാരി റവ. ഫാ. ജോർജ് കാരാംവേലിൽ എന്നിവർ പ്രസംഗിച്ചു.

തിങ്കൾമുതൽ ശനിവരെ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ഫാമിലി ഫിസിഷ്യന്റെ സേവനവും വൈകിട്ട് 4 മുതൽ 5 വരെ വിവിധ സ്പെഷ്യാലിറ്റി,

സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനവും മേലുകാവുമറ്റം മെഡിക്കൽ സെന്ററിൽ ക്രമീകരിച്ചിട്ടുണ്ട്. പൾമനറി മെഡിസിൻ, റുമറ്റോളജി, നെഫ്രോളജി, കാർഡിയോളജി, ഡെർമറ്റോളജി, എൻഡോക്രൈനോളജി, ന്യൂറോളജി എന്നീ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനങ്ങളാണു ലഭിക്കുന്നത്. കൂടാതെ, ആധുനിക സംവിധാനമുള്ള ലബോറട്ടറി, ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റി യിലേക്കുള്ള ഹോസ്പിറ്റൽ അപ്പോയിന്റ്മെന്റ് ബുക്കിംഗ്, ലാബ് റിപ്പോർട്ടുകൾ തുടങ്ങിയ സേവനങ്ങളും ഇവിടെ ലഭ്യമാണ്.

**മാർ സ്ലീവാ മെഡിസിറ്റിയിലെ നഴ്സിംഗ് വിഭാഗത്തിന് എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിലെ നഴ്സിംഗ് വിഭാഗത്തിന് നഴ്സിംഗ് എക്സ ലൻസിനുള്ള എൻഎബിഎച്ച് അക്രഡിറ്റേഷൻ ലഭിച്ചു. കേന്ദ്രമന്ത്രി ജോർജ് കുര്യൻ എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് കൈമാറ്റവും നിർവ്വഹിച്ചു. ചീഫ് നഴ്സിംഗ് ഓഫീസർ ലഫ്. കേണൽ മജല്ല മാത്യു, ക്വാളിറ്റി വിഭാഗം മാനേജർ സിറിയക് ജോർജ് എന്നിവർ ചേർന്നു സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.

പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ജോസ് കെ. മാണി എം.പി. മുഖ്യസന്ദേശം നൽകി. മികച്ച പരിസ്ഥിതി – ഊർജ- ജലസംരക്ഷണപ്രവർത്തനങ്ങൾക്കുള്ള സംസ്ഥാനമലിനീകരണനിയന്ത്രണ ബോർഡിന്റെ അവാർഡ് ലഭിച്ചതിന് ആശുപത്രി എൻജിനീയറിംഗ് വിഭാഗത്തെ ചടങ്ങിൽ അനുമോദിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, നഴ്സിംഗ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിയാം പടിക്കൽ എന്നിവർ പ്രസംഗിച്ചു. 2023 ൽ ആശുപത്രിക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ചിരുന്നു.

**പിഞ്ചുകുഞ്ഞ് അബദ്ധത്തിൽ വിഴുങ്ങിയ നാണയം മാർ സ്ലീവാ മെഡിസിറ്റിയിൽ പുറത്തെടുത്തു**

പിഞ്ചുകുഞ്ഞ് അബദ്ധത്തിൽ വിഴുങ്ങിയ നാണയം മാർ സ്ലീവാ മെഡിസിറ്റി യിൽ നടത്തിയ ചികിത്സയിൽ പുറത്തെടുത്തു. ഇടുക്കി ശാന്തൻപാറ സ്വദേശിക ളായ ദമ്പതികളുടെ രണ്ടു വയസ്സുള്ള മകനാണ് ഒരുരൂപ നാണയത്തുട്ട് വിഴുങ്ങിയത്. ഇരട്ടസഹോദരങ്ങൾക്ക് ഒപ്പം കളിക്കുന്നതിനിടെ ജനൽപ്പടിയിൽ ഇരുന്ന നാണയത്തുട്ട് എടുത്ത് അബദ്ധത്തിൽ വിഴുങ്ങുകയായിരുന്നു. തുടർന്നു കുട്ടി ഓക്കാനിക്കുകയും നാണയം വിഴുങ്ങിയതായി മാതാപിതാക്കളോടു പറയു കയും ചെയ്തു. മാതാപിതാക്കൾ ഉടൻതന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചു. നാണയം പുറത്തെടുക്കാൻ വിദഗ്ധചികിത്സയ്ക്കായി മാർ സ്ലീവാ മെഡിസിറ്റിയിൽ ഉടൻതന്നെ എത്തിച്ചു. അത്യാഹിതവിഭാഗം ഫിസിഷ്യൻ ഡോ. അഖിൽ ബാബുവിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ കുട്ടിയുടെ അന്നനാളത്തിന്റെ മുകൾഭാഗത്ത് നാണയം തടഞ്ഞുനിൽക്കുന്നതായി കണ്ടെത്തി. തുടർന്ന് ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ഫിലിപ്

ദാനിയലിന്റെ നേതൃത്വത്തിൽ അർധരാത്രിയിൽത്തന്നെ എൻഡോസ്കോപ്പി യിലൂടെ നാണയം പുറത്തെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിലെ വിവിധ വകുപ്പുകളിൽ സ്ഥാപിച്ച മെഡിക്കൽ സംവിധാനങ്ങളുടെ ആശീർവാദം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഗൈനക്കോളജി വിഭാഗത്തിൽ സ്ഥാപിച്ച അനോമലി സ്കാൻ, ഒഫ്താൽമോളജിയിൽ സ്ഥാപിച്ച ഒസിടി സ്കാൻ, ജനറ്റിക് സ്റ്റഡീസിൽ സ്ഥാപിച്ച ജീൻ എക്സ്പേർട്ട് എന്നിവയുടെ ആശീർവാദം നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ മുഖ്യകാർമികത്വം വഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. പാലാ രൂപത ചാൻസലർ റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ ദേശീയപതാക ഉയർത്തുകയും സന്ദേശം നൽകുകയും ചെയ്തു.

മികച്ച പ്രകടനം കാഴ്ചവച്ച സെക്യൂരിറ്റി ഗാർഡുകൾക്കു ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്തു. ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ, സേഫ്റ്റി ആൻഡ് സെക്യൂരിറ്റി വിഭാഗം സീനിയർ മാനേജർ ഷാജിമോൻ കെ.ആർ. എന്നിവർ പ്രസംഗിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ പങ്കെടുത്തു. പരേഡ്, മധുരവിതരണം എന്നിവയും സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വെട്ടിമുകൾ സെന്റ് മേരീസ് ചർച്ച്, ഏറ്റുമാനൂർ റോട്ടറി ക്ലബ്ബ് എന്നിവയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർമാർ ക്യാമ്പിനു നേതൃത്വം നൽകി.

**മാനേജ്മെന്റ് സെമിനാറിൽ മെഡിക്കൽ പാർട്നറായി സേവനം നൽകി**

പാലാ എൻജിനീയേഴ്സ് ഫോറം, പാലാ മാനേജ്മെന്റ് അസോസിയേഷൻ, റോട്ടറി ഇന്റർനാഷണൽ എന്നിവയുടെ ആഭിമുഖ്യത്തിൽ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ മാനേജ്മെന്റ് സെമിനാറിൽ മാർ സ്ലീവാ മെഡിസിറ്റി മെഡിക്കൽ പാർട്നറായി സൗജന്യസേവനം നൽകി.

**ബി.എൽ.എസ് പരിശീലനപരിപാടി – ളാക്കാട്ടൂരിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ളാക്കാട്ടൂർ എംജിഎം എൻ.എസ്.എസ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റുകൾക്കായി ബി.എൽ.എസ്. പരിശീലനപരിപാടി നടത്തി.

**സൗജന്യ രക്തദാനക്യാമ്പ് – അരീപ്പറമ്പിൽ**

അരീപ്പറമ്പ് ഗവ. ഹയർ സെൻഡറി സ്കൂൾ എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ച് സൗജന്യ രക്തദാന ക്യാമ്പ് നടത്തി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ മുലയൂട്ടൽവാരാചരണം ബോധവൽക്കരണ പരിപാടി നടത്തി**

ലോകമുലയൂട്ടൽവാരാചരണത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയിൽ നിയോനറ്റോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി. നഴ്സിംഗ് വിദ്യാർഥികൾ സ്കിറ്റ് അവതരിപ്പിച്ചു.

**നഴ്സിംഗ് ജീവനക്കാർക്കായി ദ്വിദിന പരിശീലനപരിപാടി നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിലെ നഴ്സിംഗ് ജീവനക്കാർക്കായി ഇൻഫ്യൂസ് എന്ന പേരിൽ ദ്വിദിന പരിശീലനപരിപാടി നടത്തി. നഴ്സിംഗ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ ഉദ്ഘാടനം ചെയ്തു.

**കോളജ് അധ്യാപകർക്കായി ബോധവൽക്കരണപരിപാടി സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ് എൻജിനീയറിംഗ് കോളജിലെ അധ്യാപകർക്കായി മെന്ററിംഗ് എന്ന വിഷയത്തിൽ ബോധവൽക്കരണപരിപാടി നടത്തി. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ഏയ്ഞ്ചൽ തോമസ് ക്ലാസ്സ് നയിച്ചു.

**കാൻസർ ബോധവൽക്കരണക്ലാസ്സും മെഡിക്കൽ ക്യാമ്പും – വാഗമണ്ണിൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽ ഫെയർ സൊസൈറ്റിയുമായി സഹകരിച്ച് വാഗമൺ ഡവലപ്മെന്റ് അസോസി യേഷൻ ഹാളിൽ സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സും, മെഡിക്കൽ ക്യാമ്പും നടത്തി. ഓങ്കോളജിവിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. സോൻസ് പോൾ നേതൃത്വം നൽകി.

**ഹെൽത്ത് ടോക്ക് സീരീസ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഹ്യൂമൻ റിസോഴ്സ് വിഭാഗത്തിന്റെ നേതൃത്വ ത്തിൽ ജീവനക്കാർക്കായി ഹെൽത്ത് ടോക്ക് സീരീസ് നടത്തി. മുടികൊഴിച്ചിൽ എന്ന വിഷയത്തിൽ ഡെർമറ്റോളജി വിഭാഗം കൺസൾട്ടന്റ് ഡോ. നീതു മേരി ജോർജ് ക്ലാസ് നയിച്ചു.

**ഡോ. ആനന്ദ് എസ്. ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ എൻഡോക്രൈനോളജി വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ. ആനന്ദ് എസ്. ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

---

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

---

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

ആർച്ചുബിഷപ് ഡോ. ലെയോ പോൾദോ ജിറേല്ലി
(ഇന്ത്യയുടെ അപ്പസ്തോലിക് നുൺഷ്യോ)
മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപത)

ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൻ)
ശ്രീ റോഷി അഗസ്റ്റിൻ (ജലസേചനവകുപ്പു മന്ത്രി)
മാർ സെബാസ്റ്റ്യൻ വടക്കേൽ MST (ഉജ്ജയ്ൻ രൂപത)

**അപ്പസ്തോലിക് ന്യൂൺഷ്യോയുടെ സന്ദർശനം**

അഞ്ചാമത് സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ഉദ്ഘാടനം നിർവഹിക്കാനെത്തിയ ഇന്ത്യയുടെ അപ്പസ്തോലിക് നൂൺഷ്യോ ആർച്ചുബിഷപ് ഡോ. ലെയോപോൾദോ ജിറേല്ലി പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കലറങ്ങാട്ട് പിതാവിനൊപ്പം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു. പ്രാർത്ഥനയ്ക്കുശേഷം തീർത്ഥാടകരായി വന്നവരെ പിതാവ് ആശിർവദിക്കുകയും ചെയ്തു.

**അൽഫോൻസിയൻ ആത്മായനം – ദേശീയ സെമിനാർ**

അൽഫോൻസിയൻ ആത്മായനം ദേശീയ സെമിനാർ സെന്റ് അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽവച്ചു നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ നടത്തപ്പെട്ട സെമിനാറിൽ നൂറ്റമ്പതോളം പേർ പങ്കെടുത്തു. മോൺ. ജോസഫ് തടത്തിൽ, ഫാ. ബോബി ജോസ് കട്ടികാട്ട് OFM Cap., പ്രൊഫ. ഡോ. സണ്ണി കുര്യാക്കോസ്, മദർ സീലിയ FCC, സി. ഗ്ലോറി FCC, ഫാ. ജോസഫ് മണർകാട്, ശ്രീമതി വിജയകുമാരി ചാക്കോ എന്നിവർ പ്രഭാഷണം നടത്തി. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകളും നൽകി.

**അൽഫോൻസിയൻ ശിശുദിനം**

വിശുദ്ധ അൽഫോൻസാമ്മയുടെ 114-ാമത് ജനനത്തിരുനാളിനോടനുബന്ധിച്ച് ഓഗസ്റ്റ് 19 ചൊവ്വാഴ്ച അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ അൽഫോൻസിയൻ ശിശുദിനം ആചരിച്ചു. വൈദികരുടെ നേതൃത്വത്തിൽ രാവിലെ 10 മുതൽ 11 വരെ കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക സമർപ്പണപ്രാർത്ഥന നടത്തി. അൽഫോൻസാ പബ്ലിക് സ്കൂൾ ആൻഡ് ജൂനിയർ കോളേജ് അരുവിത്തുറ, സെന്റ് ലിറ്റിൽ തെരേസ എൽ.പി. സ്കൂൾ ഭരണങ്ങാനം, ലിറ്റിൽ തെരേസ നഴ്സറി സ്കൂൾ ഭരണങ്ങാനം എന്നിവിടങ്ങളിൽ നിന്നായി അഞ്ഞൂറോളം കുട്ടികൾ സമർപ്പണപ്രാർത്ഥനയിൽ പങ്കെടുത്തു. കുട്ടികളുടെ മാതാപിതാക്കളും ഗർഭിണികളും പ്രാർത്ഥനയിൽ സംബന്ധിച്ചു. പങ്കെടുത്ത എല്ലാവർക്കും മധുരപലഹാരങ്ങളും സമ്മാനങ്ങളും നൽകി. കൈവെപ്പുശുശ്രൂഷയ്ക്ക് ഫാ. ആന്റണി തോണക്കര, ഫാ. ജെയിംസ് ചൊവ്വേലിക്കുടിയിൽ, ഫാ. സെബാസ്റ്റ്യൻ നടുത്തടം, ഫാ. ജോർജ് ചീരാംകുഴി എന്നിവർ നേതൃത്വം നൽകി. തുടർന്ന് ഫാ. തോമസ് തോട്ടുങ്കലിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും നൊവേനയും നടത്തി. വൈകുന്നേരം ഫാ. ജോസഫ് അരിമറ്റത്തിലിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും നൊവേനയും നടത്തി. തുടർന്നുള്ള പ്രദക്ഷിണത്തിൽ ജപമാല ചൊല്ലി കത്തിച്ച തിരികളുമായി കുട്ടികളും മുതിർന്നവരും ഉൾപ്പടെ ധാരാളം പേർ പങ്കെടുത്തു. തുടർന്ന്, നേർച്ച വെഞ്ചരിപ്പും നടന്നു. അൽഫോൻസാമ്മയുടെ ജനനത്തിരുനാളിനോടനുബന്ധിച്ച് കുട്ടികളെ അൽഫോൻസാമ്മയ്ക്കു സമർപ്പി

ക്കുന്നതിനും മാതാപിതാക്കൾക്കു കുമ്പസാരിക്കുന്നതിനുമുള്ള പ്രത്യേക സൗകര്യം ഒരുക്കിയിരുന്നു. തീർത്ഥാടനകേന്ദ്രം റെക്ടർ റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ വൈസ് റെക്ടർ ഫാ. ആന്റണി തോണക്കര എന്നിവർ നേതൃത്വം നൽകി.

**നിത്യവ്രതസ്വീകരണ അനുസ്മരണം**

വിശുദ്ധ അൽഫോൻസാ നിത്യവ്രതം സ്വീകരിച്ച ദിവസമായ ഓഗസ്റ്റ് 12 തിങ്കളാഴ്ച പ്രത്യേക അനുസ്മരിച്ചു പ്രാർത്ഥന നടത്തി.

**മാമ്മോദീസസ്വീകരണ അനുസ്മരണം**

വി. അൽഫോൻസാ മാമ്മോദീസ സ്വീകരിച്ച ദിവസമായ ഓഗസ്റ്റ് 27 ചൊവ്വാഴ്ച കബറിടദേവാലയത്തിൽ മാമ്മോദീസാവ്രതനവീകരണം നടത്തി.

**അൽഫോൻസാതീർത്ഥാടനം**

ചങ്ങനാശ്ശേരി അതിരൂപത സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അൽഫോൻസാ തീർത്ഥാടനത്തോടനുബന്ധിച്ചു നിരവധി ഇടവകകൾ കുട്ടികളുമൊത്ത് ഭരണങ്ങാനത്തെ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 2 മണിമുതൽ ആയിരക്കണക്കിനു കുട്ടികളും സൺഡേസ്കൂൾ അധ്യാപകരും വൈദികരുമാണ് തീർത്ഥാടനകേന്ദ്രം സന്ദർശിച്ചു പ്രാർത്ഥിച്ചത്.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കുവേണ്ടി 2024 ഓഗസ്റ്റ് 4 ഞായറാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് കുമ്പസാരവും വിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD നേതൃത്വം വഹിച്ചു.

**ഓഗസ്റ്റുമാസത്തിൽ ജപമാല പ്രദക്ഷിണത്തിനു നേതൃത്വം നൽകിയവർ**

| | | |
|---|---|---|
| ഓഗസ്റ്റ് 3 | - | പിഴക് |
| ഓഗസ്റ്റ് 10 | - | കാഞ്ഞിരമറ്റം |
| ഓഗസ്റ്റ് 17 | - | വെള്ളിയാമറ്റം |

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**സൺഡേ സ്കൂൾ ഡയറക്ടേഴ്സ് മീറ്റ്**

രൂപതയിലെ സൺഡേസ്കൂൾ ഡയറക്ടറച്ചന്മാരുടെ മീറ്റിംഗ് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 2024 ഓഗസ്റ്റ് ഒന്നാം തീയതി നടത്തപ്പെട്ടു. വിവിധ ഇടവകകളിൽനിന്ന് ഡയറക്ടറച്ചന്മാർ പങ്കെടുത്തു. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വിശ്വാസപരിശീലനസംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുകയും ഡയറക്ടറച്ചന്മാരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

### വിശ്വാസപരിശീലനസ്കോളർഷിപ്പ് പരീക്ഷാ റിസൾട്ട്

2023-24 ൽ നടന്ന സൺഡേസ്കൂൾ വിശ്വാസപരിശീലന സ്കോളർഷിപ്പു പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ചു. പങ്കെടുത്ത എല്ലാവർക്കും എല്ലാ അധ്യാപകർക്കും അനുമോദനങ്ങൾ. വിജയികളായവർക്കും സമ്മാനാർഹരായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

### CTP കോഴ്സ് 2024-25

2024-25 വിശ്വാസപരിശീലന വർഷത്തിലെ CTP കോഴ്സിന്റെ ഓഗസ്റ്റ് മാസത്തിലെ ക്ലാസുകൾ 2024 ഓഗസ്റ്റ് 3, 10, 20, 26, 28 തീയതികളിൽ റവ.ഫാ. ജോൺ കണ്ണന്താനം, റവ.ഫാ. മാത്യു കുമ്പുളുങ്കൽ, ശ്രീ അലക്സ് കാവുകാട്ട് എന്നിവർ നയിച്ചു.

### സെപ്റ്റംബർ മാസത്തിലെ ക്ലാസുകൾ

| | | |
|---|---|---|
| 14th September 2024 | The Ecclesiology of the Syro Malabar Church | Prof. Dr. Joseph Muthanattu |
| 16th September 2024 | Bible III | Prof. Dr. Sebastian Kuttiyanikkal |
| 17th September 2024 | Liturgy | Prof. Dr. George Varghese Njarakunnel |
| 21st September 2024 | Bible III | Prof. Dr. Sebastian Kuttiyanikkal |

### രൂപതാതല ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗ്രാം

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2024 ഓഗസ്റ്റ് 25-ാം തീയതി എട്ടാം ക്ലാസിലെ അധ്യാപകർക്കായി പ്രത്യേക സംഗമം നടത്തി. പാഠപുസ്തകത്തെ സംബന്ധിച്ചുള്ള ഉൾകാഴ്ചകളും നിർദേശങ്ങളും ഈ സംഗമത്തിൽ പങ്കുവച്ചു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ സംഗമത്തിൽ പ്രൊഫ. മാത്യു എം. കുര്യാക്കോസ് ക്ലാസുകൾ നയിച്ചു.

### ക്വസ്റ്റ്യൻ ബോർഡ് മീറ്റിംഗ്

2024-25 അധ്യയനവർഷത്തിലെ വിശ്വാസപരിശീലന പാഠ്യപദ്ധതിയുടെ ഭാഗമായിട്ടുള്ള ക്വസ്റ്റ്യൻ ബോർഡ് മീറ്റിംഗ് 2024 ഓഗസ്റ്റ് 10 ശനിയാഴ്ച മൂന്നു മണിക്ക് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

### സ്കോളർഷിപ്പ് വിതരണം

2023-24 അധ്യയനവർഷത്തിലെ സ്കൂൾ-മതബോധന സന്മാർഗ പരിശീലനപരീക്ഷയിൽ സമ്മാനാർഹരായവർക്കുള്ള സ്കോളർഷിപ്പ് വിതരണം 2024 ഓഗസ്റ്റ് 15 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്നു. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സ്വാഗതം ആശംസിച്ചു സംസാരിച്ചു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുകയും കുട്ടികളെ അനുമോദിക്കുകയും സ്കോളർഷിപ്പ് വിതരണം നടത്തുകയും ചെയ്തു. പാലാ രൂപത കോർപ്പറേറ്റ് ഏജൻസി സെക്രട്ടറി

റവ. ഫാ. ജോർജ് പുല്ലുകാലായിൽ അനുമോദനപ്രസംഗം നടത്തുകയും ശ്രീമതി ഷീബാ ബിനോയി കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

**ഒന്നാം ടേം പരീക്ഷ**

സ്കൂൾ തലത്തിലുള്ള മതബോധന-സന്മാർഗപരിശീലനത്തിന്റെ ഒന്നാം ടേം പരീക്ഷ 2024 സെപ്റ്റംബർ രണ്ടാം തീയതി നടത്തപ്പെടുന്നതാണ്. പരീക്ഷയ്ക്ക് ആവശ്യമായ ചോദ്യപേപ്പറുകൾ ഓഗസ്റ്റ്31-ാം തീയതി ശനിയാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു വിതരണം ചെയ്യുന്നതാണ്.

**രൂപതാതല രചനാമത്സരങ്ങൾ**

ഈ വർഷത്തെ രൂപതാതല രചനാമത്സരങ്ങൾ 2024 സെപ്റ്റംബർ 1 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1:45 pm ന് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

---

# പാലാ മിഷൻ – ഗുജറാത്ത്

---

**1. വി. വിയാനി ഡേ**

ഗുജറാത്ത് റീജണിലെ എല്ലാ ഇടവകകളിലും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിക്കുകയും തദവസരത്തിൽ SYM അംഗങ്ങളുടെ നേതൃത്വത്തിൽ എല്ലാ വൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുകയും അവരവരുടെ ഇടവകവികാരിമാരെ ആദരിക്കുകയും ചെയ്തു.

**2. വി. അൽഫോൻസാമ്മയുടെ തിരുനാൾ, സോളാ, അഹമ്മദാബാദ്**

വി. അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായി ജൂലൈ 25 ന് ഫാ. മാത്യു പുതിയിടത്ത് കൊടിയേറ്റും വി. കുർബാനയും നടത്തി. 26 ന് ഫാ. മൈക്കിൾ കുമ്മിണിയിലും 27 ന് ഫാ. മാത്യു പാലാക്കാട്ടുകുന്നേലും 28 ന് തിരുനാൾ ദിനം ഫാ. മാത്യു പുതിയിടത്തും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് പ്രദക്ഷിണവും Grand parents day ആചരിച്ചു. മാതാപിതാക്കളെ ആദരിച്ചു. SYM ന്റെ ഫണ്ടുശേഖരാണാർത്ഥം നറുക്കെടുപ്പുപരിപാടികളും സ്നേഹവിരുന്നും നടത്തി.

**3. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യദിനവും**

ഗുജറാത്ത് റീജണിലെ എല്ലാ ഇടവകകളിലും പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ആചരിക്കുകയും സ്വാതന്ത്ര്യദിനം ആഘോഷിക്കുകയും ചെയ്തു.

**4. Night Vigil**

അഹമ്മദാബാദ് സോളാ സെന്റ് തോമസ് ഇടവകയിൽ ആഗസ്റ്റ് 9 ന് night vigil നടത്തി. വി. കുർബാനയും ദൈവസ്നേഹാനുഭവ ആരാധനയും ഫാ. മാത്യു പുതിയിടത്തു നയിച്ചു. ഫാ. ജോസഫ് ആറ്റുചാലിൽ സന്ദേശം നൽകി.

**5. അഭിനന്ദനങ്ങൾ**

ഗുജറാത്ത് ജില്ലാ, സ്റ്റേറ്റ് കരാട്ടേ മത്സരത്തിൽ ഗോൾഡ് മെഡൽ ജേതാവായ അലക്സ് പ്രിംറോസിന് (std. 6) അഹമ്മദാബാദ് സോളാ സെന്റ് തോമസ് ഇടവക സമൂഹം സമ്മാനം നൽകി ആദരിച്ചു.

**6. മാതൃസംഘം**

അഹമ്മദാബാദ് സോളാ സെന്റ് തോമസ് ഇടവകയിൽ ആഗസ്റ്റ് 18 ന് 11.30 am മുതൽ 5 pm വരെ ഇടവകയിലെ അമ്മമാർക്കുവേണ്ടി സെമിനാർ നടത്തി. ഫാ. മാത്യു പുതിയിടത്ത് ഉദ്ഘാടനം ചെയ്തു. ഫാ. ടോം ജി. വടക്കേക്കര (Youth Director, Diocese of Shamshabad) ക്ലാസ്സുകൾ നയിച്ചു.

**7. ബൈബിൾ ക്വിസ്**

ബറൂച്ച് സെന്റ് തോമസ് കുർബാന സെന്ററിൽ ഇടവകാംഗങ്ങൾക്കായി ലോഗോസ് ക്വിസിന് ഒരുക്കമായി പരിശീലനമത്സരം നടത്തപ്പെട്ടു.

**8. Catechism Zonal Camp**

അമ്മദാബാദ് സോണിലെ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ക്യാമ്പ് നടത്തപ്പെട്ടു.

**ഫാ. ജോർജ് നെല്ലിക്കൽ** (റീജണൽ സെക്രട്ടറി)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**സെക്രട്ടറിയേറ്റ് യോഗം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഗസ്റ്റുമാസത്തെ സെക്രട്ടറിയേറ്റ് യോഗം ആഗസ്റ്റ് മൂന്നാം തീയതി ശനിയാഴ്ച വൈകുന്നേരം 5 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടന്നു. ആഗസ്റ്റുമാസത്തിലെ എക്സിക്യൂട്ടീവിൽ ചർച്ച ചെയ്യേണ്ട അജണ്ടകൾ യോഗത്തിൽ തീരുമാനമായി.

**എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഗസ്റ്റുമാസത്തെ എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് മാസം നാലാം തീയതി വൈകുന്നേരം 4.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മിഷൻലീഗ് രൂപത ഡയറക്ടർ റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ജൂലൈ മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ആഗസ്റ്റുമാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് യോഗത്തിൽ വിശദീകരിക്കുകയും ചെയ്തു.

**കുഞ്ഞേട്ടൻ അനുസ്മരണം**

മിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ പി.സി. അബ്രഹാം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) ചരമവാർഷികത്തോടനുബന്ധിച്ച് സംസ്ഥാന, രൂപതാസമിതികളുടെ സംയുക്താഭിമുഖ്യത്തിൽ കുഞ്ഞേട്ടൻ അനുസ്മരണം 2024 ഓഗസ്റ്റ്

പത്താം തീയതി ചെമ്മലമറ്റം ശാഖയിൽവച്ചു നടത്തി. കോട്ടയം അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവ് സംമ്മേളനം ഉദ്ഘാടനം ചെയ്തു.

**ക്ലാസ്സ് നയിച്ചു**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് സമിതിയിലെ അംഗങ്ങൾ ആഗസ്റ്റുമാസത്തിൽ വിവിധ മേഖലകളിലും ശാഖകളിലും ക്ലാസ് നയിച്ചു. മിഷൻ ലീഗ് രൂപത എക്സിക്യൂട്ടീവ് അംഗവും ദേശീയ റീജിയണൽ ഓർഗനൈസറുമായ ശ്രീ ബെന്നി മുത്തനാട്ട് ആഗസ്റ്റ് പതിനഞ്ചാം തീയതി ഉരുളികുന്നം ശാഖ സന്ദർശിക്കുകയും മിഷൻലീഗ് അംഗങ്ങൾക്കായി ക്ലാസ് നയിക്കുകയും ചെയ്തു. ആഗസ്റ്റ് മാസം 25-ാം തീയതി പാലാ രൂപത എക്സിക്യൂട്ടീവ് അംഗവും മിഷൻലീഗ് കോട്ടയം റീജിയണൽ ഓർഗനൈസറുമായ ശ്രീ ജസ്റ്റിൻ വയലിൽ കാവാലി ശാഖ സന്ദർശിക്കുകയും മിഷൻലീഗ് അംഗങ്ങൾക്കായി ക്ലാസ്സ് നയിക്കുകയും ചെയ്തു. ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് അംഗവും രൂപത ജനറൽ സെക്രട്ടറിയുമായ ടോം ജോസ് ഒട്ടലാങ്കൽ ആഗസ്റ്റുമാസം 25-ാം തീയതി കോതനല്ലൂർ ശാഖ സന്ദർശിക്കുകയും മിഷൻലീഗ് അംഗങ്ങൾക്കായി ക്ലാസ് നയിക്കുകയും ചെയ്തു. ആഗസ്റ്റ് മാസം 25-ാം തീയതി ഭരണങ്ങാനം മേഖല കൗൺസിലിന്റെ ഭാഗമായി നടത്തിയ സെമിനാറിൽ രൂപത ജനറൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ കൗൺസിൽ അംഗങ്ങൾക്കായി ക്ലാസ്സ് നയിച്ചു.

**ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത ബ്ലഡ് ഡൊണേഷൻ ഫോറം രൂപീകരിച്ചു.**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ എല്ലാ മിഷൻലീഗ് ശാഖകളെയും മേഖലകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ബ്ലഡ് ഡൊണേഷൻ ഫോറം രൂപീകരിച്ചു. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം ഭരണങ്ങാനം മാതൃഭവനിൽവച്ച് ചെറുപുഷ്പ മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി അദ്ധ്യക്ഷത വഹിച്ചു. ചെറുപുഷ്പ മിഷൻലീഗ് സംഘടിപ്പിക്കുന്ന ജീവദർശൻ ക്ലാസ്സിന്റെ അവസാന ദിവസമാണ് പരിപാടി സംഘടിപ്പിച്ചത്. ചടങ്ങിൽ റവ. ഡോ. ജോസഫ് കരികുളം, ശ്രീ ബിനോയ് പള്ളിപ്പറമ്പിൽ, ബ്രദർ ബോബി നേടൂപറമ്പിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഇതിനോടനുബന്ധിച്ച് സന്നദ്ധരായ ഇരുപതോളം ആളുകൾ പാലാ മെഡിസിറ്റി ആശുപത്രിയിൽ രക്തം ദാനം ചെയ്യുകയും ചെയ്തു.

**ജീവദർശൻ കോഴ്സ്**

സി.റ്റി.പി. കോഴ്സ് പാസ്സായ വിശ്വാസപരിശീലകർക്കായി ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ജീവദർശൻ കോഴ്സിന്റെ ക്ലാസ്സുകൾ ഓഗസ്റ്റ് 3, 20 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, റവ. ഫാ ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**മേഖലാ വാർത്തകൾ**
**അരുവിത്തുറ മേഖല**
**കലോത്സവം സ്റ്റിയറിംഗ് കമ്മിറ്റി**

കലോത്സവത്തിന്റെ സുഗമവും സുതാര്യവുമായ നടത്തിപ്പിനുവേണ്ടി താഴെപ്പറയുന്ന 9 അംഗ സ്റ്റിയറിംഗ് കമ്മിറ്റി ജൂലൈ 21 ന് അരുവിത്തുറയിൽ ചേർന്ന സൺഡേസ്കൂൾ ഡയറക്ടർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും യോഗത്തിൽ രൂപികരിച്ചു. അരുവിത്തുറ ഫൊറോനാ വികാരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, മിഷൻലീഗ് അരുവിത്തുറ മേഖല ഡയറക്ടർ റവ. ഫാ. ജോസഫ് കദളിയിൽ, പയസ്മൗണ്ട് പള്ളി വികാരി റവ. ഫാ. ജോർജ് പാറേക്കുന്നേൽ, നെല്ലാപ്പാറ പള്ളി വികാരി റവ. ഫാ. തോമസ് കൊച്ചോടക്കൽ, അരുവിത്തുറ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ഷാജു ജോസഫ്, തിടനാട് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ സാജു ജോർജ്, വാരിയാനിക്കാട് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ റോബിൻ പോൾ, മിഷൻലീഗ് അരുവിത്തുറ മേഖല പ്രസിഡന്റ് ഡോ. ടോം ജോസ് ഒട്ടലാങ്കൽ, അരുവിത്തുറ മിഷൻലീഗ് മേഖല ജനറൽ സെക്രട്ടറി ജസ്റ്റിൻ ജോസ് സ്രാമ്പിക്കൽ എന്നിവരെ സ്റ്റിയറിങ് കമ്മിറ്റി അംഗങ്ങളായി തിരഞ്ഞെടുത്തു.

**മേഖലാ കലോത്സവം**

അരുവിത്തുറ മേഖല കലോത്സവത്തിന്റെ ഭാഗമായി രചനാമത്സരങ്ങൾ 2024 ഓഗസ്റ്റ് 18 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1:30 മുതൽ അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ വെച്ച് നടത്തപ്പെട്ടു. വിവിധ ഇനങ്ങളിലായി 13 ഇടവകകളിലെ നാനൂറിലധികം കുട്ടികൾ പങ്കെടുത്തു. കലാമത്സരങ്ങൾ ഒക്ടോബർ 2 ന് അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ചെറുപുഷ്പ മിഷലീഗ് അരുവിത്തുറ മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഓഗസ്റ്റ് 26 തിങ്കൾ ഉച്ചകഴിഞ്ഞ് 04:30 ന് അരുവിത്തുറയിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ഡോ. ടോം ജോസ് ഒട്ടലാങ്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജസ്റ്റിൻ ജോസ് സ്രാമ്പിക്കൽ ജൂലൈ മാസത്തിലെ റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് കദളിയിൽ, വൈസ് ഡയറക്ടർ സി. റാണിറ്റ് തേക്കുംകാട്ടിൽ എസ്.എ.ബി.എസ്. എന്നിവരുടെ നേതൃത്വത്തിൽ അടുത്ത മാസങ്ങളിൽ നടത്തേണ്ട പരിപാടികളെക്കുറിച്ച് ചർച്ച നടത്തി.

**കൂട്ടിക്കൽ മേഖല വാർത്തകൾ**
**അൾത്താരബാലസംഗമം**

കൂട്ടിക്കൽ മേഖലയുടെയും ഏന്തയാർ ശാഖയുടെയും സംയുക്താഭിമുഖ്യത്തിൽ ജൂലൈ 21 ന് മേഖലയിലെ എല്ലാ ശാഖകളെയും പങ്കെടുപ്പിച്ചുകൊണ്ട് അൽത്താരാബാലസംഗമം നടത്തി. ഗുഡ് ഷേപ്പേർഡ് മൈനർ സെമിനാരിയിലെ പ്രൊഫസർ ഫാ. ജോസഫ് അരിമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി.

**ശാഖാസന്ദർശനങ്ങൾ**

കൂട്ടിക്കൽ മേഖലയുടെ കീഴിലുള്ള എല്ലാ ശാഖകളിലും മേഖലാ സമിതിയുടെ നേതൃത്വത്തിൽ ശാഖാസന്ദർശനം നടത്താൻ തീരുമാനിച്ചു.

**മേഖല രചനാമത്സരം**

കൂട്ടിക്കൽ മേഖല രചനാമത്സരങ്ങൾ സർഗ്ഗം 2024 എന്ന് പേരിൽ നടത്തി. എല്ലാ ശാഖയിൽനിന്നും അംഗങ്ങൾ രചനമത്സരത്തിൽ പങ്കെടുത്തു.

**കുഞ്ഞേട്ടൻ അനുസ്മരണം**

കൂട്ടിക്കൽ മേഖല, ഏന്തയാർ ശാഖ, മലയിഞ്ചിപ്പാറ ശാഖ എന്നിവിട ങ്ങളിൽ കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.

**പൂഞ്ഞാർ മേഖല**

**എക്സിക്യൂട്ടീവ് യോഗം**

ചെറുപുഷ്പ മിഷൻലീഗ് പൂഞ്ഞാർ മേഖലയുടെ എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് മാസം മാസം 3-ാം തീയതി ശനിയാഴ്ച പൂഞ്ഞാർ ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. ആഗസ്റ്റ് മാസം നാലാം തീയതി മേഖലാതല രചന മത്സരങ്ങൾ നടത്തുന്നതിനെ സംബന്ധിച്ചു യോഗത്തിൽ തീരുമാനമായി.

**മേഖലാതല രചനാമത്സരം**

പൂഞ്ഞാർ മേഖല രചനാമത്സരം ഓഗസ്റ്റ് മാസം നാലാം തീയതി ഞായ റാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് പൂഞ്ഞാർ ഫൊറോനാ ദേവാലയത്തിൽ വച്ചു നടന്നു. ഫൊറോനയിലെ എല്ലാ ഇടവകകളിൽനിന്നും അംഗങ്ങൾ മത്സരത്തിൽ പങ്കെടുത്തു.

**ഭരണങ്ങാനം മേഖല**

**മേഖലാ കൗൺസിലും, സെമിനാറും, വൈസ് ഡയറക്ടേഴ്സിനെ ആദരിക്കലും**

ചെറുപുഷ്പ മിഷൻലീഗ് ഭരണങ്ങാനം മേഖലയുടെ മേഖലാ കൗൺസിൽ സമ്മേളനം 2024 ആഗസ്റ്റ് 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് നടത്തപ്പെട്ടു. മിഷൻ ലീഗ് രൂപതാ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ സെമിനാർ നയിച്ചു. വിവിധ ശാഖകളിൽനിന്നായി നൂറോളം കുട്ടികൾ പങ്കെടുത്തു. മേഖലയ്ക്കു കീഴി ലുള്ള ശാഖകളിലെ വൈസ് ഡയറക്ടേഴ്സിനെയും സമ്മേളനത്തിൽവച്ച് ആദരിച്ചു.

**മേഖലാ എക്സിക്യൂട്ടീവ്**

ആഗസ്റ്റ് മാസത്തിലെ എക്സിക്യൂട്ടീവ് യോഗം 2024 ആഗസ്റ്റ് 25 വൈകു ന്നേരം 5 മണിക്ക് നടത്തപ്പെട്ടു. മേഖലാ പ്രസിഡന്റ് ശ്രീ മാത്യു പുല്ലാട്ട് യോഗ ത്തിന് അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ ഫാ. തോമസ് വാഴയിൽ മുഖ്യപ്രഭാ ഷണം നടത്തി. അടുത്ത മാസം നടത്താനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

---

# കെ.സി.എസ്.എൽ.

---

**അൽഫോൻസാ കളറിംഗ് - രൂപതാതലം**

ഈ വർഷത്തെ അൽഫോൻസാ കളറിംഗ് രൂപതാതലമത്സരം ഓഗസ്റ്റ് 10 ശനിയാഴ്ച പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച്

നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് ആരംഭിച്ച മത്സരം ഉച്ചയ്ക്ക് 12 മണിക്ക് അവസാനിച്ചു. ഓരോ സ്കൂളിൽനിന്നും ഓരോ വിഭാഗത്തിലും ഫസ്റ്റ് കിട്ടിയ കുട്ടികളാണ് മത്സരത്തിൽ പങ്കെടുത്തത്. 200 കുട്ടികൾ പങ്കെടുത്തു.

**സെൻട്രൽ കൗൺസിൽ മീറ്റിംഗ്**

ഓഗസ്റ്റ് 10 ശനിയാഴ്ച എറണാകുളം പി.ഒ.സിയിൽ വച്ച് സെൻട്രൽ കൗൺസിൽ മീറ്റിംഗ് നടന്നു. പാലാ രൂപതയിൽനിന്ന് പ്രസിഡന്റ് ജിജോ മാത്യു മീറ്റിംഗിൽ പങ്കെടുത്തു.

**റിപ്പോർട്ട് സമർപ്പിച്ചു**

രൂപതാപ്രവർത്തനങ്ങളുടെ മൂന്നുമാസത്തെ (ജൂൺ, ജൂലൈ, ഓഗസ്റ്റ്) റിപ്പോർട്ട് സ്റ്റേറ്റ് ഓഫീസിൽ സമർപ്പിച്ചു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഓഗസ്റ്റ് 15 വ്യാഴം രാത്രി 8.30 മുതൽ 9.30 വരെ ഗൂഗിൾ മീറ്റ് വഴി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഡയറക്ടർ ഫാ. ജോർജ്ജ് പുല്ലുകാലായിലിന്റെയും അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിലിന്റെയും നേതൃത്വത്തിലാണ് മീറ്റിംഗ് കൂടിയത്. ഓഗസ്റ്റ് 20 നു നടക്കുന്ന സാഹിത്യോത്സവത്തെക്കുറിച്ച് മീറ്റിംഗിൽ ചർച്ചചെയ്തു തീരുമാനങ്ങൾ എടുത്തു. അതുപോലെ, ഓഗസ്റ്റ് 19 ന് കാഞ്ഞിരപ്പള്ളി പൊടിമറ്റത്തുവച്ചു നടക്കുന്ന കുട്ടികളുടെ സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പിനെക്കുറിച്ചും ചർച്ചചെയ്തു.

**സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പ്**

ഓഗസ്റ്റ് 19 ന് കാഞ്ഞിരപ്പള്ളി പൊടിമറ്റത്തുവച്ചു നടന്ന കുട്ടികളുടെ സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പിൽ പാലാ രൂപതയിൽനിന്ന് അഞ്ചു കുട്ടികൾ പങ്കെടുത്തു.

**സാഹിത്യോത്സവം**

ഈ വർഷത്തെ രൂപതാസാഹിത്യോത്സവം പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ഓഗസ്റ്റ് 20 ചൊവ്വാഴ്ച നടത്തപ്പെട്ടു. കവിതാരചന, കഥാരചന, ഉപന്യാസം, ചിത്രരചന, സ്കോളർഷിപ്പ് പരീക്ഷ, കെ.സി.എസ്.എൽ ക്വിസ്സ്, ബൈബിൾ നോളഡ്ജ് ക്വിസ്സ് എന്നീ മത്സരങ്ങളാണ് നടത്തിയത്. 1000 കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. രാവിലെ 10.00 മണിക്ക് ആരംഭിച്ച മത്സരങ്ങൾ ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിച്ചു.

**കൈയെഴുത്തുമാസികാമത്സരം**

ഈ വർഷത്തെ കൈയെഴുത്തുമാസികാമത്സരം പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. യു.പി.എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിൽനിന്നായി 19 ടീം പങ്കെടുത്തു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. കരുതൽ : ഹെൽപ് ഡെസ്ക്**

കാലാവസ്ഥ പ്രതികൂലമായപ്പോൾ ഏതു നിമിഷവും സഹായം ആവശ്യമായി വന്നേക്കാം എന്ന ബോധ്യത്തോടെ രൂപതായുവജനപ്രസ്ഥാനം ഹെൽപ് ഡെസ്ക് രൂപീകരിച്ചു.

**2. 100 രൂപ ചലഞ്ച്**

വയനാട്ടിലെ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കായി 100 രൂപ ചലഞ്ച് നടത്തി.

**3. വയനാടിനായി കൈകോർത്ത്**

വയനാട് സംഭവത്തിൽ പാലാ രൂപത SMYM - PSWS ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ പാലാ രൂപതയുടെ സഹായഹസ്തവുമായി ടാസ്ക് ഫോഴ്സ് അംഗങ്ങൾ വയനാട്ടിലേക്കു യാത്രതിരിച്ചു.

**4. തരംഗം 2024**

2024 പ്രവർത്തനവർഷ കലോത്സവം മാർഗ്ഗരേഖ പ്രകാശനം രൂപതാ വിശ്വാസപരിശീലന ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു.

**5. Wing 2.0**

പാലാ, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി രൂപതകൾ സംയുക്തമായി നടത്തുന്ന ഓർഡർഷിപ്പ് ട്രെയിനിങ് പ്രോഗ്രാം Wings 2.0 ൽ രൂപതാപ്രതിനിധികൾ പങ്കെടുത്തു.

**6. വി. ജോൺ മരിയ വിയാനി തിരുനാൾ ആഘോഷം**

ഷലോം പാസ്റ്ററൽ സെന്ററിലെ ബഹുമാനപ്പെട്ട വൈദികരെ സന്ദർശിച്ച് തിരുനാൾമംഗളങ്ങൾ നേർന്നു.

**7. ഇടവകവൈദികരുടെ മധ്യസ്ഥന്റെ തിരുനാൾ ആശംസകൾ നേർന്നു**

പാലാ രൂപതയുടെ ഇടയനോടൊപ്പം, മെഡിസിറ്റിയിൽ കഴിയുന്ന ബഹുമാനപ്പെട്ട വൈദികരെ സന്ദർശിച്ചു തിരുനാൾ ആശംസകൾ നേർന്നു.

**8. അഭിനന്ദനങ്ങൾ**

കേരള പോലീസ് സേനയുടെ ഭാഗമായി പാസിംഗ് ഔട്ട് പരേഡ് പൂർത്തിയാക്കിയ കുറവിലങ്ങാട് യൂണിറ്റ് അംഗം വിനു വർഗീസിന് അഭിനന്ദനങ്ങൾ.

**9. ആദരാഞ്ജലികൾ**

അകാലത്തിൽ വേർപിരിഞ്ഞ പാലക്കാട്ടുമല യൂണിറ്റ് അംഗം ഷോൺ ഷാജിക്ക് രൂപതാകുടുംബത്തിന്റെ ആദരാഞ്ജലികൾ.

**10. തരംഗം 2024 : രചനാമത്സരങ്ങൾ**

2024 പ്രവർത്തനവർഷത്തെ രചനാമത്സരങ്ങൾ സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തപ്പെട്ടു.

**11. കെ.സി.വൈ.എം 46-ാമത് അർദ്ധവാർഷിക സെനറ്റ്**

കെ.സി.വൈ.എം 46-ാമത് സംസ്ഥാന സെനറ്റിൽ രൂപതാഭാരവാഹികൾ പങ്കെടുത്തു. ജനറൽ സെക്രട്ടറി മിജോ ജോയി റിപ്പോർട്ട് അവതരണവും നടത്തി.

**12. The Arena : ബാഡ്മിന്റൺ ടൂർണമെന്റ്**

എസ്.എം.വൈ.എം - കെ.സി.വൈ.എം പാലാ രൂപതയുടെ ബാഡ്മിന്റൺ ടൂർണമെന്റ് പാലാ ഫൊറോനയുടെയും, പൂവരണി യൂണിറ്റിന്റെയും സഹകരണ ത്തോടെ പൂവരണി പള്ളിയുടെ പാരീഷ് ഹാളിൽ നടത്തപ്പെട്ടു. വാരിയാനിക്കാട് യൂണിറ്റ് ഡയറക്ടർ ഫാ. മാർട്ടിൻ പന്തിരുവേലിൽ ഉദ്ഘാടനകർമം നിർവഹിച്ചു.

**13. YATP : 5th സെക്ഷൻ**

യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന്റെ അഞ്ചാമത്തെ ഭാഗം പെരിങ്ങുളം യൂണിറ്റിൽവെച്ച് ആരംഭിച്ചു. തുടർന്ന് അടിവാരം യൂണിറ്റിന്റെ സഹകരണത്തോടെ പ്രകൃതിപഠനക്യാമ്പ് - കാസ്പിയൻ 2024 - കോട്ടത്താവളം ട്രക്കിങ് സ്പോട്ടിൽ നടത്തപ്പെട്ടു.

**14.** അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ രൂപതാപ്രതിനിധികൾ പങ്കെടുത്തു.

**അകാലത്തിൽ പൊലിഞ്ഞ പ്രിയ സുഹൃത്ത് ഐങ്കൊമ്പ് എസ്.എം.വൈ.എം. യൂണിറ്റ് അംഗം ജോർജ് ജേക്കബിന് പാലാ രൂപതയുടെ ആദരാഞ്ജലികൾ**

കേരളത്തെ പിടിച്ചുകുലുക്കിയ വയനാട് ദുരിതത്തിൽ പാലാ രൂപതയുടെ യുവജനപ്രസ്ഥാനമായ സീറോ മലബാർ യൂത്ത് മൂവ്മെന്റ് നൂറുരൂപ ചലഞ്ചുമായി മുന്നിട്ടിറങ്ങിയപ്പോൾ തങ്ങളുടെ സമ്പാദ്യത്തിന്റെ ഒരു പങ്ക് നൽകി നിസീമമായി സഹകരിച്ച എല്ലാവർക്കും ഒരായിരം നന്ദി. മിശിഹാ നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**വയനാട് ദുരന്തത്തിൽ 100/- രൂപ ചലഞ്ചിന്റെ ഭാഗമായി SMYM യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകതലത്തിൽ സമാഹരിച്ച് രൂപതാ സമിതിക്കു കൈമാറിയ യൂണിറ്റുകൾ**

പെരിങ്ങുളം -1,26,000/
കീഴൂർ - 83,000/
ളാലം ഓൾഡ് - 75,000/
മണ്ണാറപ്പാറ - 35000/
കടപ്ലാമറ്റം -20000/

100 രൂപ ചലഞ്ചിന്റെ ഭാഗമായി രൂപതയിൽ നേരിട്ടു ലഭിച്ച തുക - 1,60,000/

ചുരുങ്ങിയ ദിവസങ്ങൾകൊണ്ടുതന്നെ നൂറു രൂപ ചലഞ്ച് വിജയിപ്പിച്ച നിങ്ങൾക്ക് ഏവർക്കും രൂപതാസമിതിയുടെ അഭിനന്ദനങ്ങളും അനുമോദനങ്ങളും. മുന്നോട്ടും ഈ സഹകരണവും സഹായവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**The Arena : ബാഡ്മിന്റൺ ടൂർണമെന്റ്**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെ ബാഡ്മിന്റൺ ടൂർണമെന്റ് പാലാ ഫൊറോനയുടെയും, പൂവരണി യൂണിറ്റിന്റെയും സഹകരണത്തോടെ പൂവരണി പള്ളിയുടെ പാരീഷ് ഹാളിൽ ഓഗസ്റ്റ് 25 ന് നടത്തപ്പെട്ടു. വാരിയാനിക്കാട് യൂണിറ്റ് ഡയറക്ടർ ഫാ. മാർട്ടിൻ പന്തിരുവേലിൽ ഉദ്ഘാടനകർമം നിർവഹിച്ചു. ആൺകുട്ടികളുടെ വിഭാഗത്തിൽ ഇലഞ്ഞി യൂണിറ്റ് ഒന്നാം സ്ഥാനവും മൂഴൂർ യൂണിറ്റ് രണ്ടാം സ്ഥാനവും വേഴങ്ങാനം യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പെൺകുട്ടികളുടെ വിഭാഗത്തിൽ മണ്ണാറപ്പാറ യൂണിറ്റ് ഒന്നാം സ്ഥാനവും മീനച്ചിൽ യൂണിറ്റ് രണ്ടാം സ്ഥാനവും പെരിങ്ങുളം യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**ചരിത്രത്താളുകളിൽ ചരിത്രമായി മാറാൻ ചരിത്രരേഖയായി 'മറുപടി'**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ 2024 പ്രവർത്തനവർഷത്തിൽ രൂപതയുടെയും ഫൊറോനകളുടെയും ദ്വിമാസ പ്രവർത്തനറിപ്പോർട്ട് ഓൺലൈൻ ബുള്ളറ്റിൻ 'മറുപടി' മലങ്കരസഭ അധ്യക്ഷൻ മോറോൻ മോർ മാർ ബസേലിയോസ് കാർഡിനൽ ക്ലിമിസ് ബാവാ, പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് എന്നിവർ ചേർന്നു പ്രകാശനം ചെയ്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

---

# ജീസസ് യൂത്ത്

---

**നല്ല അയൽക്കാരൻ**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ വയനാട് ദുരിതബാധിതരെ സഹായിക്കുന്നതിനായി കേരളത്തിന്റെ പലയിടങ്ങളിൽനിന്നും ജീസസ് യൂത്ത് വോളണ്ടിയേഴ്സ് എത്തിച്ചേർന്നു. പാലാ സോണിൽനിന്ന് ആനിമേറ്ററായ സിസ്റ്റർ ലിസ് മരിയായും സോണൽ കോഡിനേറ്റർ ഷിബ്രീസും പത്ത് അംഗങ്ങളും ദിവസങ്ങളോളം വയനാടിന്റെ പുനരധിവാസത്തിനായി സഹായിച്ചു. ദുരിതബാധിത ഇടങ്ങളിൽ എത്തിച്ചേരുകയും അവിടെയുള്ളവർക്കു കൈത്താങ്ങ് ആകുകയും വേണ്ടസഹായങ്ങൾ നൽകുകയും ചെയ്തു.

**ഏകദിന പ്രോഗ്രാമുകൾ**

ജീസസ് യൂത്ത് പാലാ പാരിഷ് ടീമിന്റെ നേതൃത്വത്തിൽ കുന്നോന്നി, വിളക്കുമാടം, വാഗമൺ തുടങ്ങിയ ഇടവകകളിൽ ഏകദിന പ്രോഗ്രാമുകൾ നടത്തി. ആഴമായ ദൈവസ്നേഹാനുഭവത്തിലും കൂട്ടായ്മയിലും ഇടവകയിലെ യുവജങ്ങളെയും കൗമാരക്കാരെയും നയിക്കുന്ന വിധത്തിലുള്ളതായിരുന്നു പ്രോഗ്രാമുകൾ.

ജീസസ് യൂത്ത് പാലാ ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിയിൽ, ഫാ. ജോസഫ് മുക്കൻതോട്ടത്തിൽ, ഷിബ്രീസ് കെ. സെബാസ്റ്റ്യൻ, ജോസ് മാത്യു തുടങ്ങിയവർ പ്രോഗ്രാമുകളിൽ വിവിധ സെഷനുകൾ എടുക്കുകയും ഇടവകകളെ ദൈവസ്നേഹത്തിലേക്കു നയിക്കുകയും ചെയ്തു.

**AVIV**

പാലാ സോണിലെ വിവിധ സ്കൂളുകളിലും കോളജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഓഗസ്റ്റ് പത്താം തീയതി രണ്ടാം ശനിയാഴ്ച പാലാ സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽവച്ച് ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു. തീക്ഷ്ണതയിൽ നിറഞ്ഞുനിന്നുകൊണ്ട് ഈശോയുടെകൂടെ ആയിരിക്കുവാനും ഈശോയെ മറ്റുള്ളവർക്കു കൊടുക്കുവാനും ഓരോരുത്തരെയും പ്രേരിപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നു ഈ ഗാതറിങ്ങ്. ഫാദർ മാത്യു എണ്ണയ്ക്കാപ്പള്ളിയിൽ, സിസ്റ്റർ ആൻജോ സി.എം.സി എന്നിവർ ഗാതറിങ്ങിൽ പങ്കുചേർന്നു.

**നൈറ്റ് വിജിൽ**

2024 ഓഗസ്റ്റ് 2 ആദ്യ വെള്ളിയാഴ്ച പാലാ ളാലം പുത്തൻ പള്ളിയിൽ വച്ച് വൈകുന്നേരം ഏഴരമുതൽ ഓഗസ്റ്റ് 3 രാവിലെ 6 മണി വരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നുചേർന്നു പ്രാർത്ഥിച്ചു. ഈ കൂട്ടായ്മയിലൂടെ വചനം പഠിക്കുകയും പങ്കുവയ്ക്കുകയും ജീവിതാനുഭവങ്ങൾ കർത്താവിന്റെകൂടെ ആയിരുന്നുകൊണ്ട് മറ്റുള്ളവർക്ക് പകർന്നുനൽകുകയും ചെയ്തു.

**ഹോളി വിങ്സ്**

പാലാ ജീസസ് യൂത്ത് ടീൻസ് ടീമിന്റെ നേതൃത്വത്തിൽ പതിനഞ്ചോളം സ്കൂളുകളിൽ ഹോളി വിങ്സ് എന്ന പേരിൽ പ്രോഗ്രാം നടത്തപ്പെട്ടു. ആഴമായ ദൈവസ്നേഹാനുഭവത്തിലും വിശുദ്ധിയിലും കൗമാരക്കാരെ വളർത്തുന്ന വിധത്തിലുള്ളതായിരുന്നു ഈ ഒരു മണിക്കൂർ പ്രോഗ്രാം. പാലാ സോൺ ജീസസ് യൂത്ത് ആനിമേറ്റർ സിസ്റ്റർ ലിസ്മരിയാ സി.എം.സി.യും, ടീൻസ് ടീം ആനിമേറ്റർ സി. ആൻഞ്ചോ സി.എം.സി. യും പ്രോഗ്രാമിനു നേതൃത്വം നൽകി. തീക്കോയി, പൂഞ്ഞാർ, ഭരണങ്ങാനം, വിളക്കുമാടം, മല്ലികശേരി, പാലാ, രാമപുരം, മുട്ടുചിറ, മൂലമറ്റം, കാഞ്ഞിരമറ്റം തുടങ്ങിയിടങ്ങളിലെ വിവിധ സ്കൂളുകളിലാണ് ഹോളി വിങ്സ് എന്ന പ്രോഗ്രാം നടത്തപ്പെട്ടത്.

**മധ്യസ്ഥപ്രാർത്ഥന**

എല്ലാദിവസവും വൈകുന്നേരം 8:30 യ്ക്ക് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. പാലാ സോൺ ഒന്നിച്ചു നയിക്കുന്ന ഈ പ്രാർത്ഥന അനേകരെ യേശുവിലേക്ക് അടുപ്പിച്ചു. വയനാട്ടിലെ ജനങ്ങൾക്കായും വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന 'വേരിത്താസ്' എന്ന പ്രോഗ്രാമിനായും മധ്യസ്ഥ പ്രാർത്ഥനകൾ നടന്നുവരുന്നു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന് ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോ

യുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്ക് കഴിയുന്നുണ്ട്. 30 പേരോളം എല്ലാ ആഴ്ചകളിലും ഈ ഗാതറിങ്ങിന് എത്തിച്ചേരുന്നു.

**ഓൺലൈൻ പ്രയർ മീറ്റിംഗ്**

എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 8.30 മുതൽ 10.30 വരെ സൂം പ്ലാറ്റ് ഫോമിൽ ഓൺലൈൻ പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു.

**അഖണ്ഡജപമാല**

ജൂലൈ മാസം 28-ാം തീയതി ഞായറാഴ്ച വൈകുന്നേരം 2 മണി മുതൽ 7 മണിവരെ ഗൂഗിൾ മീറ്റിൽ അഖണ്ഡ ജപമാല നടത്തപ്പെട്ടു.

**Veritas**

2024 സെപ്റ്റംബർ മാസം 13 മുതൽ 16 വരെ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് വിവിധ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ വേരിത്താസ് എന്ന പ്രോഗ്രാം നടത്തപ്പെടുന്നു. ആഴമായ ദൈവാനുഭവത്തിലേക്കും തങ്ങൾ ആയിരിക്കുന്ന കലാലയങ്ങളിൽ ക്രിസ്തുവിനെ പകർന്നു കൊടുക്കാനും യുവജനങ്ങളെ പ്രാപ്തരാക്കുന്ന പ്രോഗ്രാം ആണിത്. ഈ പ്രോഗ്രാമിനുവേണ്ടിയുള്ള ഒരുക്കങ്ങളും പ്രാർത്ഥനകളും നടന്നുകൊണ്ടിരിക്കുന്നു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

രൂപത റിസോഴ്സ് ടീമിന്റെ ക്ലാസുകൾ

1 - 4/8/2024 ലും 11/8/2024 ലും ഉള്ളനാട് ഇടവകയിൽ കുടുംബക്കൂട്ടായ്മയുടെ വാർഡ് തലത്തിലുള്ള ക്ലാസുകൾ നടന്നു. 4.30 pm ന് വികാരി റവ. ഫാ. മാത്യു മതിലകത്തിന്റെ പ്രാർത്ഥനാശീർവാദത്തോടെയാണ് ക്ലാസ്സുകൾക്ക് തുടക്കം കുറിച്ചത്.

2 - 15/8/2024 കാഞ്ഞിരമറ്റം ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം വികാരി റവ.ഫാ. ജോസഫ് മണ്ണനാൽ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് മഠത്തിപ്പറമ്പിൽ ആശംസകൾ നേർന്നു. രൂപത റിസോഴ്സ് ടീമംഗം ജോയി തെക്കുംചേരിക്കുന്നേൽ സെമിനാർ നയിച്ചു.
3-18 /8/2024 ൽ ഇളന്തോട്ടം ഇടവകയിലെ കുടുംബക്കൂട്ടായ്മയുടെ വാർഡുതലത്തിലുള്ള ക്ലാസുകൾ റവ. ഫാ. ജോർജ് അമ്പഴത്തുങ്കലിന്റെ പ്രാർത്ഥനാശീർവാദത്തോടെ ആരംഭിച്ചു.

**കുടുംബക്കൂട്ടായ്മ ഫൊറോന കൗൺസിൽ യോഗങ്ങൾ 2024 ഓഗസ്റ്റ് മാസത്തിൽ നടത്തി**

1. 03/08/2024 രാവിലെ 10 മണിക്ക് കുറവിലങ്ങാട് ഫൊറോനാ കൗൺസിൽ ഫൊറോനാ ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്തിന്റെ അധ്യക്ഷതയിൽ കൂടി.

2. 03/08/2024 2 pm ന് മുട്ടുചിറ ഫൊറോന കൗൺസിൽ ഫാ. മാത്യു വാഴചാരിക്കലിന്റെ അധ്യക്ഷതയിൽ ചേർന്നു.

3. 05/08/2024 രാവിലെ 10 മണിക്ക് കോതനല്ലൂർ ഫെറോനാ കൗൺസിൽ വെരി റവ. ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴിപ്പിലിന്റെ അധ്യക്ഷതയിൽ ചേർന്നു.
4. കടുത്തുരുത്തി ഫൊറോന കൗൺസിൽ 5/8/2024 ഉച്ചകഴിഞ്ഞ് 3:00 മണിക്ക് വെരി റവ. ഫാ. മാത്യു ചന്ദ്രൻകുന്നേലിന്റെ അധ്യക്ഷതയിൽ ചേർന്നു.

5. ഇലഞ്ഞി ഫൊറോന കൗൺസിൽ 06/08/2024 രാവിലെ 10.30 ന് വെരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ അവർകളുടെ അധ്യക്ഷതയിൽ ചേർന്നു.
6. രാമപുരം ഫൊറോനാ കൗൺസിൽ 06/08/2024 ഉച്ചകഴിഞ്ഞ് 2 മണിക്ക് വെരി റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറത്തിന്റെ അധ്യക്ഷതയിൽ ചേർന്നു.
7. പ്രവിത്താനം ഫൊറോന കൗൺസിൽ 08/08/2024 രാവിലെ 10 മണിക്ക് വെരി റവ. ഫാ. ജോർജ് വേളൂപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്നു.

8. കടനാട് ഫൊറോന കൗൺസിൽ 08/08/20024 ഉച്ചകഴിഞ്ഞ് 2.30 ന് വെരി റവ. ഫാ. അഗസ്റ്റ്യൻ അരഞ്ഞാണിപുത്തൻപുരയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. അസി. വികാരി ഫാ. ഐസക് പെരിങ്ങാമലയിൽ ആശംസകൾ നേർന്നു സംസാരിച്ചു.
9. തുടങ്ങനാട് ഫൊറോന കൗൺസിൽ 12/8/2024 രാവിലെ 10 മണിക്ക് വെരി റവ. ജോൺസൺ പുള്ളീറ്റിന്റെ അധ്യക്ഷതയിൽ കൂടി.

10. മൂലമറ്റം ഫൊറോന കൗൺസിൽ 12/08/2024 ഉച്ചകഴിഞ്ഞ് 2.30 ന് ഫാ. തോമസ് താന്നിമലയുടെ അധ്യക്ഷതയിൽ ചേർന്നു.

11. കത്തീഡ്രൽ. സോൺ A കൗൺസിൽ 14/08/2024 രാവിലെ 10.30 ന് റവ.ഫാ. ജോസഫ് തടത്തിൽ അവർകളുടെ അധ്യക്ഷതയിൽ കൂടി.

12. 14/08/2024 ബുധനാഴ്ച 1.30 pm ന് രൂപത എക്സിക്യൂട്ടീവ് ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

13. കത്തീഡ്രൽ ബി സോൺ ഫൊറോന കൗൺസിൽ 14/8/2024 ഉച്ചകഴിഞ്ഞ് 3:00 മണിക്ക് വെരി റവ. ജോസ് കാക്കല്ലിലിന്റെ അധ്യക്ഷതയിൽ ചേർന്നു.

14. ചേർപ്പുങ്കൽ ഫൊറോന കൗൺസിൽ 17/08/2024 രാവിലെ 10 മണിക്ക് വെരി റവ. ഫാ ജോസഫ് പാനാമ്പുഴ ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത് അദ്ധ്യക്ഷത വഹിച്ചു.

15. ഭരണങ്ങാനം ഫൊറോനാ കൗൺസിൽ 17/08/2024 ഉച്ചകഴിഞ്ഞ് 2 മണിക്ക് വെരി റവ. ഫാ. സഖറിയാസ് അട്ടപ്പാട്ടിന്റെ അധ്യക്ഷതയിൽ ചേർന്നു. ഫാ. തോമസ് വാഴയിൽ ആശംസകൾ നേർന്നു.

16. തീക്കോയി ഫൊറോന കൗൺസിൽ 26/8/2024 രാവിലെ 10 മണിക്ക് വെരി. റവ. ഫാ. തോമസ് മേനാച്ചേരിയുടെ അധ്യക്ഷതയിൽ കൂടി.

17. അരുവിത്തുറ ഫൊറോന കൗൺസിൽ 26/8/2024 ഉച്ചകഴിഞ്ഞ് 2.30 pm ന് ഫാ. എബ്രഹം കുഴിമുള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

18. കൂട്ടിക്കൽ ഫൊറോന കൗൺസിൽ 28/8/2024 2.30 pm ന് വെരി. റവ. ഫാ. ജോസഫ് വടക്കേമംഗലത്തിന്റെ അധ്യക്ഷതയിൽ കൂടി. ഫാ.ജോസ് കുഴിഞ്ഞാലിൽ ആശംസകൾ നേർന്നു സംസാരിച്ചു.

19. പൂഞ്ഞാർ ഫൊറോന കൗൺസിൽ 28/8/2024 2 pm ന് വെരി റവ. തോമസ് പനയ്ക്കകുഴിയിലിന്റെ അധ്യക്ഷതയിൽ കൂടി. അസി. വികാരി ഫാ. മൈക്കിൾ നടുവിലേക്കുറ്റ് ആശംസകൾ നേർന്നു സംസാരിച്ചു.

എല്ലാ കൗൺസിൽ മീറ്റിങ്ങുകളിലും രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, അസിസ്റ്റൻറ് ഡയറക്ടർ ഫാ. തോമസ് പുതുപ്പറമ്പിൽ, പ്രസിഡൻറ് സെബാസ്റ്റ്യൻ ജോസഫ് മണ്ഡപത്തിൽ, സെക്രട്ടറി ബാബുപോൾ പെരിയപ്പുറം എന്നിവർ പങ്കെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**ആഗസ്റ്റ് 09–11, 30–സെപ്റ്റംബർ 1** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 297 പേർ സംബന്ധിച്ചു സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**സെപ്റ്റംബർ 16–18, 30–2, ഒക്ടോബർ 11–13, 29–31** എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

ആഗസ്റ്റ് മാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ.ഡോ. ജോസഫ് കടുപ്പിൽ, പ്രൊഫ. റ്റി.സി. തങ്കച്ചൻ എന്നിവർ ക്ലാസ്സെടുത്തു. 402 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

## B. പിതൃവേദി

### 1. രൂപതാസമിതി

ആഗസ്റ്റ് 3–ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ജോസ് തോമസ് മുത്തനാട്ടിന്റെ അദ്ധ്യക്ഷതയിൽ രൂപതാസമിതി നടത്തപ്പെട്ടു.

## C. മാതൃവേദി

### 1. സെമിനാർ

ചങ്ങനാശ്ശേരിയിൽ വച്ചു നടന്ന ഏകദിന സംരംഭകത്വ സെമിനാറിൽ പാലാ രൂപതയിൽനിന്നുള്ള 84 അംഗങ്ങൾ സംബന്ധിച്ചു.

### 2. എക്സലെൻസ് അവാർഡ്

പാലാ രൂപതയിലെ അമ്മമാരുടെ സംഘടനയായ മാതൃവേദിക്ക് സീറോ മലബാർ മാതൃവേദിയുടെ ആദരവ് ലഭിച്ചു. സീറോ മലബാർ സഭയിലെ 35 രൂപ

തകളിലും വളരെ സജീവമായി പ്രവർത്തിക്കുന്ന മാതൃവേദിയുടെ 2023 പ്രവർത്തനവർഷത്തെ വിലയിരുത്തലിലാണ് പാലാ രൂപത മാതൃവേദിയെ എക്സലെൻസ് അവാർഡിന് അർഹമാക്കിയത്. 171 ഇടവകകളിലും വളരെ സജീവമായി പ്രവർത്തിക്കുന്ന മാതൃവേദി കഴിഞ്ഞവർഷം രൂപതാതലത്തിൽ നടപ്പിലാക്കിയ അൽഫോൻസാതീർത്ഥാടനം, ബൈബിൾരചന, കുഞ്ഞച്ചൻതീർത്ഥാടനം, കുടുംബസംഗമം, ബൈബിൾ പഠനകളരി, വിവിധ കലാമത്സരങ്ങൾ എന്നിവ പ്രവർത്തനമികവായി വിലയിരുത്തപ്പെട്ടു. കാക്കനാട് മൗണ്ട് സെൻ്റ് തോമസിൽ വച്ച് നടന്ന ചടങ്ങ് സീറോ മലബാർ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മാതൃവേദി ഗ്ലോബൽ പ്രസിഡൻ്റ് ശ്രീമതി ബീനാ ടോമി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പുളിക്കൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് നടന്ന അവാർഡ് ദാനച്ചടങ്ങിൽ സീറോ മലബാർ മേജർ ആർച്ചുബിഷപ് മാർ. റാഫേൽ തട്ടിലിൽനിന്നു പാലാ രൂപത മാതൃവേദി ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിലും രൂപതാഭാരവാഹികളായ സിജി ലൂക്ക്സൺ (പ്രസിഡൻ്റ്), സുജ ജോസഫ് (വൈസ് പ്രസിഡൻ്റ്), ഷേർളി ചെറിയാൻ (സെക്രട്ടറി), ബിന്ദു ഷാജി (ജോ. സെക്രട്ടറി), ഡയാന രാജു (ട്രഷറർ), മേരിക്കുട്ടി അഗസ്റ്റിൻ (സെനറ്റ് അംഗം), ബിനി എബ്രാഹം (സെനറ്റ് അംഗം), സബീന സഖറിയാസ്, മോളിക്കുട്ടി ജേക്കബ് (എക്സിക്യൂട്ടീവ് മെമ്പർ) എന്നിവർ ചേർന്ന് എക്സലെൻസ് അവാർഡ് ഏറ്റുവാങ്ങി.

**2. ചർച്ച**

ആഗസ്റ്റ് 13-ാം തീയതി മാതൃവേദി എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ ബിഷപ്സ് ഹൗസിൽവച്ച് പ്ലാറ്റിനം ജൂബിലിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചർച്ച ചെയ്തു. ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ പരിപാടിയിൽ പങ്കെടുത്തു.

**3. എക്സിക്യൂട്ടീവ് മീറ്റിങ്**

ആഗസ്റ്റ് 21-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ചകൾ നടത്തി.

**4. രൂപതാസമിതി**

ആഗസ്റ്റ് 27-ാം തീയതി രാവിലെ പത്തു മണിക്ക് രൂപത പ്രസിഡൻ്റ് സിജി ലൂക്ക്സണിന്റെ അദ്ധ്യക്ഷതയിൽ രൂപതാസമിതി നടത്തപ്പെട്ടു.

## D. പ്രോലൈഫ്

**1. മാർച്ച് ഫോർ ലൈഫ്**

ആഗസ്റ്റ് 10-ാം തീയതി പ്രോലൈഫിന്റെ നേതൃത്വത്തിൽ തൃശൂരിൽ വച്ച് നടന്ന 'മാർച്ച് ഫോർ ലൈഫ്' പ്രോഗ്രാമിൽ സംബന്ധിച്ചു.

**E. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**F. ഹോം മിഷൻ**

പാലാ രൂപതയിലെ 127 ഇടവകളിൽ ഹോം മിഷൻ പൂർത്തിയാക്കി വരുന്നു.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – **7306293048**

**H. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി ആഗസ്റ്റ് മാസത്തിൽ **തീക്കോയി, മൂഴൂർ** ഇടവകകളിലെ പെൺകുട്ടികൾക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

---

# കത്തോലിക്കാ കോൺഗ്രസ്

---

**രൂപതാക്കമ്മിറ്റി**

ജൂലൈ 27 ന് രണ്ടു മണിക്ക് രൂപതാക്കമ്മിറ്റി ഷലോം പാസ്റ്ററൽ സെന്ററിൽ രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധിരിയുടെ അധ്യക്ഷതയിൽ ചേർന്നു. ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, രാജീവ്

കൊച്ചുപറമ്പിൽ, ആൻസമ്മ സാബു, ജോയി കണിപറമ്പിൽ, സാജു അലക്സ് തുടങ്ങിയവർ സംസാരിക്കുകയും ചർച്ചകൾക്കു നേതൃത്വം കൊടുക്കുകയും ചെയ്തു.

**തീരുമാനങ്ങൾ**

1. ഫൊറോന തിരഞ്ഞെടുപ്പു നടത്താനുള്ള ഏഴു ഫൊറോനകളിൽ സമയബന്ധിതമായി തിരഞ്ഞെടുപ്പ് നടത്താൻ പ്രസിഡന്റിനെയും ജനറൽ സെക്രട്ടറിയെയും ചുമതലപ്പെടുത്തി.

2. രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾക്കുള്ള ഏകദിന ക്യാമ്പ് നടത്താൻ തീരുമാനിച്ചു.

3. കർഷകസംഗമങ്ങളും അടുക്കളത്തോട്ടം മത്സരത്തിനുള്ള വിത്തുവിതരണവും രൂപതയെ നാലു സോണുകളായി തിരിച്ചു നടത്താൻ തീരുമാനിച്ചു.

| | | |
|---|---|---|
| പാലാ സോൺ | 27-07-2024 | പാലാ ബിഷപ് ഹൗസ് ഹാൾ |
| കുറവിലങ്ങാട് സോൺ | 04-08-2024 | മണ്ണാറപ്പാറ പള്ളിഹാൾ |
| മൂലമറ്റം സോൺ | 11-8-2024 | കാവുംകണ്ടം പള്ളിഹാൾ |
| അരുവിത്തുറ സോൺ | 18-8-2024 | പൂഞ്ഞാർ ഫൊറോന പള്ളി ഹാൾ |

4. രൂപതാഭാരവാഹികൾ എല്ലാ യൂണിറ്റുകളും സന്ദരിച്ചു വേണ്ടി പ്രോത്സാഹനങ്ങൾ നല്കുന്നു.

5. പാലാരൂപത പ്ലാറ്റിനംജൂബിലിയോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഒരു ഫൊറോനയിൽ ഒരു ഭവനമെങ്കിലും നിർമ്മിച്ചു നല്കുക.

6. ഫൊറോന ഭാരവാഹികളെ സഹായിക്കാൻ രൂപതാഭാരവാഹികൾക്കു ചുമതലകൾ നല്കി.

| | ഫൊറോനകൾ | |
|---|---|---|
| 1. | അരുവിത്തുറ | ബെന്നി കിണറ്റുകര<br>അഡ്വ. ജോൺസൺ വീട്ടിയാങ്കൽ |
| 2. | ഭരണങ്ങാനം | സിന്ധു ജയ്സ്, അരുൺ പോൾ |
| 3. | ചേർപ്പുങ്കൽ | ജോയി കെ. മാത്യു കണിപറമ്പിൽ |
| 4. | ഇലഞ്ഞി | ബേബി ആലുങ്കൽ, ബെന്നി പാലയ്ക്കത്തടം |
| 5. | കടനാട് | ജോസ് ജോസഫ് മലയിൽ<br>ലിബി മണിമലയിൽ |
| 6. | കടുത്തുരുത്തി | റ്റോമി കണ്ണീറ്റുമ്യാലിൽ<br>ജോസ് വട്ടുകുളം |
| 7. | കൂട്ടിക്കൽ | സാബു പൂണ്ടികുളം |
| 8. | കോതനല്ലൂർ | സി.എം. ജോർജ് |
| 9. | കുറവിലങ്ങാട് | എമ്മാനുവൽ നിധിരി |
| 10. | മൂലമറ്റം | എം.എം. ജേക്കബ്<br>ഫ്രാൻസിസ് കരിമ്പാനി |
| 11. | മുട്ടുചിറ | ആൻസമ്മ സാബു<br>രാജു ലൂക്കോസ് അരുകുഴിപ്പിൽ |

| | | |
|---|---|---|
| 12. | പാലാ | രാജേഷ് പാറയിൽ<br>രാജീവ് കൊച്ചുപറമ്പിൽ |
| 13. | പൂഞ്ഞാർ | ജോൺസൺ ചെറുവള്ളി |
| 14. | പ്രവിത്താനം | സാജു അലക്സ് |
| 15. | രാമപുരം | ജോസിൻ പുതിയടത്തുചാലിൽ<br>സാജു അലക്സ് |
| 16. | തീക്കോയി | പയസ് കവളമാക്കൽ<br>സാന്റോ പുല്ലാട്ട് |
| 17. | തുടങ്ങനാട് | എഡ്വിൻ പാമ്പാറ |

**അടുക്കളത്തോട്ടം കർഷകസംഗമം**

**രൂപതാതല ഉദ്ഘാടനം**

2024 ജൂലൈ 27 വൈകുന്നേരം 4.30 ന് പാലാ ബിഷപ്സ് ഹൗസ് ഹാളിൽ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അടുക്കളത്തോട്ടം മത്സരത്തിന്റെ രൂപതാതല വിത്തുവിതരണത്തിന്റെയും കർഷകസംഗമത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു. പാലാ സോണിൽപ്പെട്ട പാലാ, ചേർപ്പുങ്കൽ, ഭരണങ്ങാനം, പ്രവിത്താനം ഫൊറോനകളിലെ യൂണിറ്റുകൾക്കുള്ള വിത്തുകൾ വിതരണം ചെയ്തു.

റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു, രാജേഷ് പാറയിൽ എന്നിവർ സംസാരിച്ചു. കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാർ നയിച്ചു.

**കുറവിലങ്ങാട് സോൺ**

കുറവിലങ്ങാട്, കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി, ഇലഞ്ഞി ഫൊറോനകളിൽ ഉൾപ്പെടുന്ന കുറവിലങ്ങാട് സോൺ കർഷകസംഗമവും വിത്തുവിതരണവും 4-8-2024 ൽ മണ്ണാറപ്പാറ പള്ളി ഹാളിൽ കോതനല്ലൂർ ഫൊറോന പ്രസിഡന്റ് ജോസഫ് ചീനോത്തുപറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മണ്ണാറപ്പാറ പള്ളി വികാരി ഫാ. ജോസ് വള്ളോംപുരയിടം ഉദ്ഘാടനം ചെയ്തു. റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാർ നയിച്ചു. എമ്മാനുവൽ നിധീരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, സി.എം. ജോർജ്, ഫാ. ജോസഫ് വല്ലുതടത്തിൽ തുടങ്ങിയവർ സംസാരിച്ചു.

**മൂലമറ്റം സോൺ**

മൂലമറ്റം, തുടങ്ങനാട്, രാമപുരം, കടനാട് ഫൊറോനകൾ ഉൾപ്പെടുന്ന മൂലമറ്റം സോണിന്റെ കർഷകസംഗമവും വിത്തുവിതരണവും 11-8-2024 ൽ കാവുംകണ്ടം പള്ളിഹാളിൽ കടനാട് ഫൊറോന പ്രസിഡന്റ് ബിനു വള്ളോംപുരയിടത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കടനാട് ഫൊറോനാവികാരി റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര ഉദ്ഘാടനം ചെയ്തു. റവ.ഫാ. സ്കറിയ

വേകത്താനം ആമുഖസന്ദേശം നൽകി. റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാർ നയിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, എം.എം. ജേക്കബ്, ലിസി മണിയ മലയിൽ, എഡ്വിൻ പാമ്പാറ തുടങ്ങിയവർ സംസാരിച്ചു.

**അരുവിത്തുറ സോൺ**

അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ ഫൊറോനകൾ ഉൾപ്പെടുന്ന അരുവിത്തുറ സോൺ കർഷകസംഗമവും വിത്തുവിതരണവും 18-8-2024 ൽ പൂഞ്ഞാർ ഫൊറോന പള്ളി ഹാളിൽ പൂഞ്ഞാർ ഫൊറോന പ്രസിഡന്റ് ജോർജ് തൊടുവനാലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പൂഞ്ഞാർ ഫൊറോന വികാരി റവ.ഫാ. തോമസ് പനയ്ക്കക്കുഴി ഉദ്ഘാടനം ചെയ്തു. റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാർ നയിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, പയസ് കവളമാക്കൽ, ജോൺസൺ ചെറുവള്ളി, ജോയി കണിപറമ്പിൽ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ബെന്നി കിണറ്റുകര, ഫാ. മൈക്കിൾ നടുവിലേക്കുറ്റ് തുടങ്ങിയവർ സംസാരിച്ചു.

**കർഷകറാലിക്കു ധർണ്ണയും**

വയനാട് ദുരന്തമുണ്ടായത് ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കാത്തതിനാലാണെന്ന വാദം പരിഹാസ്യമാണെന്ന് അതിന്റെ പേരിൽ കർഷകരെ പീഡിപ്പിക്കാൻ, അനുവദിക്കില്ലെന്നും പറഞ്ഞുകൊണ്ട് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ റാലി പ്രതിഷേധധർണ്ണയും നടത്തി.

പൂഞ്ഞാർ കുരിശുപള്ളിക്കവലയിൽ നടത്തിയ ധർണ്ണ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം, അധ്യക്ഷത വഹിച്ച് റവ. ഫാ. തോമസ് പാറയ്ക്കക്കുഴി, ഫാ. മൈക്കിൾ നരിക്കാട്ട്, പയസ് കവളമാക്കൽ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ജോൺസൺ ചെറുവള്ളി, ബെന്നി കിണറ്റുകര, സാബു പൂണ്ടികുളം, ജോർജ് തൊടുവനാൽ, ജോയി കണിപറമ്പിൽ, ജോയി മാത്യു, ജോഫി പള്ളിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു. ജനവാസമേഖലകളെ ഒഴിവാക്കിയും കർഷകർക്കും ദ്രോഹം വരാത്ത രീതിയിലും അന്തിമവിജ്ഞാപനം പുറപ്പെടുവിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

**ഫൊറോനാസമ്മേളനങ്ങൾ**

**മുട്ടുചിറ**

മുട്ടുചിറ ഫൊറോന നേതൃയോഗം പള്ളി ഹാളിൽ മേഖലാ പ്രസിഡന്റ് മാത്യു അരിക്കത്തുണ്ടത്തിന്റെ അധ്യക്ഷതയിൽ നടത്തി. ഫൊറോനാതല വിത്തുവിതരണം ചെയ്തു ഭാവിപരിപാടികൾ തീരുമാനിച്ചു. ഭവനനിർമാണപദ്ധതി അവതരിപ്പിച്ചു.

**കുറവിലങ്ങാട്**

കുറവിലങ്ങാട് ഫൊറോന നേതൃയോഗം പള്ളി ഹാളിൽ പ്രസിഡന്റ് നിധീഷ് നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഭവനനിർമാണപദ്ധതി ചർച്ച ചെയ്തു യൂണിറ്റ് തിരഞ്ഞെടുപ്പു നടത്താത്ത ഇടവകകളിൽ ബഹുമാനപ്പെട്ട വികാരിമാരെ കണ്ടു സംസാരിക്കാൻ പ്രസിഡന്റിനെ ചുമതലപ്പെടുത്തി.

**കടനാട്**

കടനാട് ഫൊറോന നേതൃയോഗം പ്രസിഡന്റ് ബിനു വള്ളോംപുരയിടത്തിന്റെ അധ്യക്ഷതയിൽ നടത്തി. ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുര ഉദ്ഘാടനം ചെയ്തു. പുതിയ ഫൊറോന ഭാരവാഹികളെ തിരഞ്ഞെടുത്തു. എം.എം. ജേക്കബ്, ലിസി മണിമല, ജോസ് ജോസഫ് തുടങ്ങിയവർ സംസാരിച്ചു. ബിനു വള്ളോംപുരയിടം പ്രസിഡന്റ്, അൽഫോൻസ് ദാസ് മുണ്ടക്കുന്ന് ജനറൽ സെക്രട്ടറി എന്നിവരാണ് പുതിയ ഭാരവാഹികൾ.

**ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ ഫൊറോന നേതൃസമ്മേളനം പ്രസിഡന്റ് ജോർജ് മണിയങ്ങാട്ടിന്റെ അധ്യക്ഷതയിൽ നടത്തി. രൂപത ട്രഷറർ ജോയി കണിപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജോസഫ് പോൾ, മനോജ് ജോസ് തുടങ്ങിയവർ സംസാരിച്ചു.

**കൂട്ടിക്കൽ**

കൂട്ടിക്കൽ ഫൊറോന നേതൃയോഗം പള്ളി ഹാളിൽ ഫൊറോന പ്രസിഡന്റ് റ്റോമി പുളിക്കലിന്റെ അധ്യക്ഷതയിൽ നടത്തി. രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കൂട്ടിക്കൽ പള്ളിവികാരി റവ. ഫാ. ജോസഫ് വടക്കേമംഗലത്ത് അനുഗ്രഹപ്രഭാഷണം നടത്തി. റവ. ഫാ. സിറിൽ തയ്യിൽ, റവ. ഫാ. ജോസഫ് മേച്ചേരിൽ, റവ. ഫാ. എബ്രാഹം പെരിയപ്പുറം, റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ, രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, സാബു പൂണ്ടികുളം, എഡ്വിൻ പാമ്പാറ തുടങ്ങിയവർ ആശംസകൾ നേർന്നു. പുതിയ ഫൊറോന തിരഞ്ഞെടുപ്പും നടത്തി.

| | |
|---|---|
| പ്രസിഡന്റ് | റ്റോമി സെബാസ്റ്റ്യൻ പുളിക്കൽ |
| ജനറൽ സെക്രട്ടറി | എൻ.എം. റെജി നടയ്ക്കൽ |
| ട്രഷറർ | ഷിന്റോ മാത്യു |

**കർഷകസെമിനാറുകൾ**

**മഞ്ഞാമറ്റം**

മഞ്ഞാമറ്റം യൂണിറ്റിന്റെ നേതൃത്വത്തിൽ അടുക്കളക്കൃഷി പരിപാലനത്തെക്കുറിച്ച് സെമിനാർ നടത്തി. വികാരി റവ.ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽ ഉദ്ഘാടനം ചെയ്തു. ജെയിംസ് വട്ടംതൊട്ടി അധ്യക്ഷത വഹിച്ചു. ജോയി കണിപറമ്പിൽ, സജി പുറപ്പൊക്കര തുടങ്ങിയവർ സംസാരിച്ചു. രൂപത കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ കാർഷികസെമിനാർ നയിച്ചു.

**സിബിഗിരി**

സിബിഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ അടുക്കളത്തോട്ടം പരിപാലനത്തെപ്പറ്റി സെമിനാർ നടത്തി. ഡയറക്ടർ റവ.ഫാ. ജോൺ പാളിത്തോട്ടം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോസ് മിറ്റത്തിനാനിക്കൽ അധ്യക്ഷത വഹിച്ചു. കൃഷി അസി. ഡയറക്ടർ ശ്രീമതി ആഷ്‌ലി കെ. ജോർജ് ക്ലാസ് നയിച്ചു. എഡ്വിൻ പാമ്പാറ, ഫാ. ജോൺസൺ പാക്കരമ്പേൽ, ജിമ്മി പ്ലാക്കുഴി തുടങ്ങിയവർ സംസാരിച്ചു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**അഗ്രിഫെസ്റ്റ് 2024**

രൂപതയിലെ വിവിധ ഫൊറോനകളിലും ഇടവകകളിലും ഫലവൃക്ഷത്തൈകൾ, പച്ചക്കറിത്തൈകൾ അഗ്രിമ എക്കോഷോപ്പ് ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും നടത്തിവരുന്നു. അരുവിത്തുറ, ചേർപ്പുങ്കൽ, രാമപുരം ഫൊറോനകളിലും വിവിധ സ്വാശ്രയസംഘങ്ങൾ, കർഷകദളങ്ങൾ, മറ്റു ഭക്ത സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് മേളകൾ നടത്തിയത്. നടീൽവസ്തുക്കൾ, കാർഷികോപകരണങ്ങൾ, മില്ലറ്റുകൾ, വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങൾ തുടങ്ങിയവ വാങ്ങുന്നതിൽ ഇടവകജനങ്ങളുടെ പങ്കാളിത്തം നല്ല രീതിയിൽ ഉണ്ടായി. അതത് ഫൊറോനവികാരിമാർ, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർമാർ പി.എസ്.ഡബ്ല്യു.എസ്. സ്റ്റാഫ് അംഗങ്ങൾ, സ്വാശ്രയസംഘം ഭാരവാഹികൾ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

വയല കർഷകദള ഫെഡറേഷന്റെ നേതൃത്വത്തിൽ വയല സെന്റ് ജോർജ് പള്ളിയങ്കണത്തിൽ വച്ചു നടത്തിയ മേളയിൽ വികാരി ഫാ. ജോസ് കോട്ടയിൽ കടപ്ലാമറ്റം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ത്രേസ്യാമ്മ സെബാസ്റ്റ്യന് വൃക്ഷത്തൈ നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു.

മണ്ണയ്ക്കനാട് ഫെഡറേഷന്റെ നേതൃത്വത്തിൽ മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയങ്കണത്തിൽ ഫെഡറേഷൻ ഡയറക്ടർ ഫാ. സ്കറിയ മലമാക്കൽ അഗ്രി ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. ഇടവകയിലെ സ്വയംസഹായ സംഘങ്ങൾ, വിവിധ ഭക്തസംഘടനകൾ, പി.എസ്.ഡബ്ല്യു.എസ്. അംഗങ്ങൾ തുടങ്ങിയവർ മേളയ്ക്കു നേതൃത്വം നൽകി.

അമ്പാറനിരപ്പേൽ സെന്റ് ജോൺസ് പള്ളിമൈതാനിയിൽ അഗ്രിമ സെൻട്രൽ അഗ്രിമ മാർക്കറ്റിന്റെയും സഹകരണത്തോടെ സ്വദേശവിദേശ ഫലവൃക്ഷത്തൈകൾ, പൂച്ചെടികൾ, ചെടിച്ചട്ടികൾ, ചെറുധാന്യങ്ങൾ, മറ്റു മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു.

രാമപുരം സ്വാശ്രയസംഘത്തിന്റെയും എ.കെ.സി.സിയുടെയും ആഭിമുഖ്യത്തിൽ ഫലവൃക്ഷത്തൈകൾ, പച്ചക്കറിത്തൈകൾ, വിത്തിനങ്ങൾ, കാർഷികോപകരണങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു.

**കുട്ടികളും കൃഷിയിലേക്ക്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെയും പാലാ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെയും സംയുക്താഭിമുഖ്യത്തിൽ ഈ വർഷവും സ്കൂളുകളിൽ കൃഷിമത്സരങ്ങൾ സംഘടിപ്പിക്കുകയാണ്. നൂറിലധികം സ്കൂളുകൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. കുട്ടികളുടെ ഇടയിൽ കർഷകസംസ്കാരം വളർത്തിയെടുക്കുന്നതിനായി ലക്ഷ്യംവച്ച് ഈ സ്കൂൾവർഷം മുഴുവനും നീണ്ടു

നിൽക്കുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനു മുന്നോടിയായി സ്കൂളുകളിൽ കൃഷിയുടെ ചുമതലയുള്ള അധ്യാപകന്റെ നേതൃത്വത്തിൽ ചിൽഡ്രൻസ് ഫാർമേഴ്സ് ക്ലബുകൾ രൂപീകരിച്ചുകഴിഞ്ഞു. പദ്ധതിയുടെ ഉദ്ഘാടനം ബിഷപ്സ് ഹൗസിൽ വച്ചു രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. നൂറിലധികം പച്ചക്കറിത്തൈകൾ സൗജന്യമായി ഓരോ സ്കൂളിനും നൽകുകയുണ്ടായി. കൃഷി ഓഫീസർമാരും കൃഷിവിദഗ്ധരും വിവിധ വിഷയങ്ങളെക്കുറിച്ചു ക്ലാസുകൾ നടത്തി.

**കർഷകദിനാചരണം**

ചിങ്ങം ഒന്ന് കർഷകദിനത്തോടനുബന്ധിച്ച് വിവിധ ഇടവകകളിൽ സ്വാശ്രയസംഘങ്ങളുടെയും സ്വയംസഹായസംഘങ്ങളുടെയും നേതൃത്വത്തിൽ കർഷകദിനം വിപുലമായി ആചരിച്ചു. കൃഷിവിജ്ഞാനക്ലാസുകൾ, പ്രദർശനങ്ങൾ, കർഷകരെ ആദരിക്കൽ, വിവിധ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുകയുണ്ടായി.

**ഫാർമർ പ്രൊഡ്യൂസർ കമ്പനി ജില്ലാതല സാച്ചുറേഷൻ ക്യാമ്പ്**

കോട്ടയം ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾക്കായി നബാർഡിന്റെ സഹകരണത്തോടെ സാച്ചുറേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. പാലാ, അരുണാപുരം അൽഫോൻസാ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന പരിപാടിയിൽ ആത്മ ഡയറക്ടർ ശ്രീ സെബാസ്റ്റ്യൻ ജോസഫ് അധ്യക്ഷത വഹിച്ചു. സെന്റർ ഫോർ റൂറൽ മാനേജ്മെന്റ് ഡയറക്ടർ ഡോ. ജോസ് ചാത്തുകുളം ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, നബാർഡ് ജില്ലാ മാനേജർ റെജി വർഗീസ്, പി.എസ്.ഡബ്ല്യു.എസ്. സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി. വിവിധ ഫാർമർ പ്രൊഡ്യൂസർ കമ്പനികളിൽനിന്നായി നൂറിലധികം കർഷകർ പങ്കെടുത്തു.

**സ്വാശ്രയസംഘങ്ങൾ/സ്വയംസഹായസംഘങ്ങൾ/വാർഷികാഘോഷങ്ങൾ**

പി.എസ്.ഡബ്ല്യു.എസ്. നേതൃത്വത്തിൽ വിവിധ ഇടവകകളിൽ സ്വയംസഹായസംഘങ്ങളുടെ വാർഷികാഘോഷങ്ങൾ വിവിധ പരിപാടികളോടെ നടത്തപ്പെടുകയുണ്ടായി. ബോധവത്കരണക്ലാസുകൾ, കലാമത്സരങ്ങൾ, കാർഷികമേളകൾ തുടങ്ങിയവ ഇതോടൊപ്പം സംഘടിപ്പിച്ചുവരുന്നു. സംഘാംഗങ്ങളിൽ പരസ്പരം കൂട്ടായ്മയും സഹകരണവും വർദ്ധിപ്പിക്കാനും നേതൃത്വപാടവം രൂപപ്പെടുത്താനും ഇത്തരം ആഘോഷങ്ങൾ സഹായകമാകുന്നു.

**വരുമാനദായകപ്രവർത്തനങ്ങൾ**

പി.എസ്.ഡബ്ല്യു.എസിന്റെ നേതൃത്വത്തിൽ വിവിധ സ്വാശ്രയസംഘങ്ങളുടെ സഹകരണത്തോടെ സ്വയംസഹായസംഘങ്ങൾക്കായി വിവിധ വരുമാനദായക പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. വയലാ, ഫാത്തിമാപുരം, കാക്കൊമ്പ് തുടങ്ങിയ ഇടവകകളിൽ ലിക്വിഡ് സോപ്പ്, സോപ്പുപൊടി, നിർമാണപരിശീലനം നടത്തി. മൂല്യവർദ്ധിത ഭക്ഷ്യ ഉത്പന്ന നിർമാണവും സൺഡേ മാർക്കറ്റുകളും അമ്പതോളം ഇടവകകളിൽ ഉണ്ട്.

**സൗജന്യ കേൾവി – സംസാരവൈകല്യ നിർണ്ണയം**

കരൂർ സ്വാശ്രയസംഘം, പിതൃവേദി, മാതൃവേദി, വിവിധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സൗജന്യ കേൾവിപരിശോധനക്യാമ്പും കേൾവി സംസാരവൈകല്യനിർണ്ണയവും നടത്തുകയുണ്ടായി. ആവശ്യമായവർക്ക് സബ്സിഡി നിരക്കിൽ കേൾവി ഉപകരണങ്ങൾ വിതരണം ചെയ്തു. പരിപാടി ഇടവകവികാരി റവ.ഫാ. ഫിലിപ്പ് കുളങ്ങര ഉദ്ഘാടനം ചെയ്തു.

പറത്താനം സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റിന്റെ സഹകരണത്തോടെ ഇ.എൻ.റ്റി. പരിശോധനയും രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പും നടത്തി.

**പകർച്ചപ്പനി പ്രതിരോധമരുന്നുവിതരണം**

വിവിധ ഇടവകകളിൽ പകർച്ചപ്പനി പ്രതിരോധത്തിനായി ഹോമിയോ മരുന്നുവിതരണം നടത്തി. മണ്ണാറപ്പാറ, മാൻവെട്ടം ഇടവകകളിൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ പ്രതിരോധമരുന്നുവിതരണം നടത്തി. തുടർന്ന് ജീവിതശൈലീരോഗങ്ങളെക്കുറിച്ചു ക്ലാസും നടത്തി.

**ആശാകിരണം – കാൻസർ കെയർ ക്യാമ്പയിൻ**

കാരിത്താസ് ഇന്ത്യയുടെ ക്യാൻസർ കെയർ കാമ്പയിനിന്റെ ഭാഗമായി വാഗമൺ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ വാഗമൺ ഡവലപ്മെന്റ് അസ്സോസിയേഷന്റെയും വാഗമൺ സ്വാശ്രയസംഘത്തിന്റെയും സഹകരണത്തോടെ പാലാ മാർ സ്ലീവാ മെഡിസിറ്റി ആശുപത്രിയിലെ ഓങ്കോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ജീവിതശൈലിബോധനസെമിനാറും സൗജന്യ കാൻസർ നിർണ്ണയ ക്യാമ്പും നടത്തി. നൂറിലധികം സ്ത്രീകൾ ക്യാമ്പിൽ പങ്കെടുത്തു. മാർ സ്ലീവാ മെഡിസിറ്റിയിലെ അസ്സോസിയേറ്റ് കൺസൾട്ടന്റ് മെഡിക്കൽ ഓങ്കോളജി ഡോ. സോൺസ് പോൾ MBBS, MD ക്ലാസ്സുകൾക്കും പരിശോധനയ്ക്കും നേതൃത്വം നൽകി. വാഗമൺ മേഖലയിലെ തോട്ടംതൊഴിലാളികളുടെയിടയിൽ നടത്തിയ പ്രസ്തുത പരിപാടി വളരെ പ്രയോജനകരമായിരുന്നെന്ന് പങ്കെടുത്തുവാൻ സാക്ഷ്യപ്പെടുത്തി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

## ഡി.സി.എം.എസ്.

**ഭവനസന്ദർശനങ്ങൾ**

DCMS സംഘടനയുടെ സപ്തതി വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള രൂപതയിലെ വിവിധ ഇടവകകളിൽ ഭവനസന്ദർശനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ദളിത് ക്രൈസ്തവരുടെ ഭവനങ്ങൾ സന്ദർശിക്കാൻ രൂപത വികാരി ജനറൽ ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, രൂപത ഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റ്, രൂപതാ ഭാരവാഹികളായ പ്രസിഡന്റ് ബിനോയ് ജോൺ, ഓർഗനൈസർ ബേബി ആന്റണി, ബിന്ദു ആന്റണി, ഫെമിന സിബിച്ചൻ, മേരി എം.പി. എന്നിവരും സോണൽ

ചെയർമാന്മാർ, സോണൽ സെക്രട്ടറിമാർ, സോണൽ ഖജാൻജിമാർ, സോണൽ ഭാരവാഹികൾ തുടങ്ങി മേഖല, യുണിറ്റ് ഭാരവാഹികൾ തുടങ്ങിയവരും പങ്കെടുത്തു.

**സോണൽ മീറ്റിംഗ്**

2024 ജൂലൈ 28 ഞായറാഴ്ച രാവിലെ 10.30 നു ഷലോം പാസ്റ്ററൽവെച്ച് രൂപതാ പ്രസിഡന്റ് ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗം പാലാ രൂപത വികാരി ജനറൽ ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രഭാഷണം നടത്തി. ജസ്റ്റീസ് സൺഡേ ആചരണം, ഭവനസന്ദർശനങ്ങൾ, ദേശീയ സിമ്പോസിയം, മഹാസമ്മേളനം എന്നിവയെക്കുറിച്ച് സോണുകളായി തിരിഞ്ഞു ചർച്ചകൾ നടത്തുകയും, തീരുമാനങ്ങൾ മീറ്റിങ്ങിൽ അവതരിപ്പിക്കുകയും ചെയ്തു.

**സോണൽ സന്ദർശനങ്ങൾ**

DCMS സംഘടനയുടെ സപ്തതി വർഷികാഘോഷങ്ങളുടെ ഭാഗമായുള്ള സോണൽ പ്രവർത്തനങ്ങളെ എകീകരിക്കുന്നതിനും മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുംവേണ്ടിയുള്ള സോണൽ സമിതി സന്ദർശനങ്ങൾ രൂപതാസമിതിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 4 ഞായറാഴ്ച രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റ്, പ്രസിഡന്റ് ബിനോയ് ജോൺ, വൈസ് പ്രസിഡന്റ് ഫെമിനാ സിബിച്ചൻ, സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി ആന്റണി എന്നിവരുടെ നേതൃത്വത്തിൽ അഞ്ചു സോണുകളിൽ നടത്തുകയുണ്ടായി. രാമപുരം, അരുവിത്തുറ സോണുകളിൽ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപതാ പ്രസിഡന്റ് ബിനോയ് ജോണും, ചേർപ്പുങ്കൽ സോണിൽ രൂപത ഖജാൻജി മേരി എം.പിയും, കുറവിലങ്ങാട് സോണിൽ ഓർഗനൈസർ ബേബി ആന്റണിയും, തുടങ്ങനാട് സോണിൽ വൈസ് പ്രസിഡന്റ് ഫെമിനാ സിബിച്ചനും, സെക്രട്ടറി ബിന്ദു ആന്റണിയും പങ്കെടുത്തു. അഗസ്റ്റ് 18 ജസ്റ്റീസ് സൺഡേ ദിനാചരണം, ഒക്ടോബർ 16 വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ തീർഥാടനപദയാത്ര, നവംബർ മാസത്തിലെ ദേശീയ സിമ്പോസിയം മഹാസമ്മേളനം എന്നിവയെക്കുറിച്ച് ഓരോ സോണുകളിലും വിശദീകരിക്കുകയും ചെയ്തു.

**സപ്തതിവർഷ കമ്മിറ്റി ഉദ്ഘാടനം**

DCMS സംഘടനയുടെ സപ്തതിവർഷാഘോഷങ്ങളുടെ ഭാഗമായുള്ള നവംബർ 9 ലെ വിവിധ കമ്മിറ്റികളുടെ പ്രവർത്തനോദ്ഘാടനം പാലാ ബിഷപ്സ് ഹൗസിൽ വച്ച് 2024 ആഗസ്റ്റ് 16 വെള്ളിയാഴ്ച പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. റവ. ഡോ. ജോസഫ് തടത്തിൽ നിർവഹിച്ചു. യോഗത്തിനു രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റ് സ്വാഗതം അർപ്പിച്ചു. പാലാ രൂപതാ സിഞ്ചെല്ലൂസ് മോൺ. റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് ആമുഖപ്രഭാഷണം നടത്തി. കമ്മിറ്റി ചെയർമാൻ റവ.ഫാ. ബെർക്കുമാൻസ് കുന്നുംപുറം വിവിധ കമ്മിറ്റികളെയും കമ്മിറ്റി

കൺവീനർമാരെയും കമ്മിറ്റി അംഗങ്ങളെയും യോഗത്തിനു പരിചയപ്പെടുത്തി. തുടർന്ന് മാർ സ്ലീവാ മെഡിസിറ്റി ഡയറക്ടർ മോൺ. റവ. ഡോ. ജോസഫ് കണി യോടിക്കൽ, മോൺ. റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ, റവ. ഫാ. ജോസഫ് വെട്ടുകാട്ടിൽ, റവ. ഫാ. ജോർജ്ജ് വർഗ്ഗീസ് ഞാറക്കുന്നേൽ, AKCC പ്രസിഡന്റ് ശ്രീ ഇമ്മാനുവൽ നിധിരി, മാതൃവേദി രൂപതാ അംഗം എന്നിവർ യോഗത്തിന് ആശംസ അർപ്പിച്ചു. രൂപതയിലെ സോണുകളിൽനിന്നുള്ള കമ്മിറ്റി അംഗങ്ങൾ മറ്റു സംഘടനാഭാരവാഹികൾ മേഖല ഡയറക്ടർമാർ, മുൻ DCMS ഡയറക്ടർമാർ, സംഘടന ഡയറക്ടർമാർ തുടങ്ങി നൂറ്റമ്പതോളം കമ്മിറ്റി അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. യോഗത്തിന് രൂപതാ സെക്രട്ടറി ബിന്ദു ആന്റണി കൃതജ്ഞത അർ പ്പിച്ചു.

**ജസ്റ്റിസ് സൺഡേ ദിനാചാരണം**

ഡി.സി.എം.എസ്. രൂപതാകമ്മറ്റിയുടെയും സോണൽ കമ്മറ്റികളുടെയും കുറവിലങ്ങാട് യൂണിറ്റ് കമ്മറ്റിയുടെയും ആഭിമുഖ്യത്തിൽ ജസ്റ്റിസ് സൺഡേ ദിനാചരണം, കുറവിലങ്ങാട് സെന്റ് മേരിസ് ബോയ്സ് എൽ.പി. സ്കൂളിൽ വച്ചു നടത്തുകയുണ്ടായി. ദളിത് ക്രൈസ്തവർ, ക്രൈസ്തവവിശ്വാസം സ്വീകരിച്ചതിന്റെ പേരിലാണ്, പട്ടികജാതിസംവരണം നഷ്ടമായത്. അവരെ സഭയോടു ചേർത്തു പിടിക്കാനും, അവരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടാനും, എല്ലാ ക്രൈ സ്തവവിശ്വാസികളും ഒറ്റക്കെട്ടായി അവരോടൊപ്പം അണിചേരണമെന്നും, അത് ക്രിസ്ത്യാനികളുടെ ഉത്തരവാദിത്വമാണെന്നും, സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട്, രൂപത സിഞ്ചെല്ലൂസ്, ബഹു. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് പറയുക യുണ്ടായി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഡി.സി.എം.എസ്. രൂപത ഡയറക്ടർ, ഫാ. ജോസ് വടക്കേകുറ്റ് ആമുഖപ്രസംഗം നടത്തി. ബഹു.ഫാ. ഓസ്റ്റിൻ മെച്ചേരിൽ ആശംസകൾ അർപ്പിച്ചു. ശ്രീ മോൻസ് ജോസഫ് എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി മത്തായി, വാർഡ് മെമ്പർ ശ്രീമതി ജോയ് സി അലക്സ്, എ.കെ.സി.സി. രൂപത വൈസ് പ്രസിഡന്റ് ശ്രീ സി. എം. ജോർജ്, പിതൃവേദി സെക്രട്ടറി, ശ്രീ ടോമി തുരുത്തിക്കര, മാതൃവേദി സെനറ്റ് മെമ്പർ, ശ്രീമതി ബിനി അബ്രഹാം, സോണൽ സെക്രട്ടറി, ശ്രീമതി പെണ്ണമ്മ ജേക്കബ്, യുണിറ്റ് പ്രസിഡന്റ് ശ്രീ സി.ഒ. വർക്കി എന്നിവർ പ്രസംഗിച്ചു. രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, ട്രഷറർ ശ്രീമതി മേരി എം.പി, ശ്രീ ബാബു പീറ്റർ, ശ്രീ ഫ്രാൻസിസ് ജോസഫ്, ശ്രീ ജോയ് മാത്യു, ശ്രീ സണ്ണി പി.എം, ശ്രീമതി സാലി രാജു, ശ്രീ ജോർജ് കുടയത്തൂർ, ശ്രീ. ഒ.ജെ. ജോൺ, ശ്രീ എ.പി. ജോസഫ് എന്നിവർ നേതൃത്വം നൽകി.

**രൂപതാകമ്മിറ്റി**

DCMS പാലാ രൂപതാസമിതിയുടെ ജൂലൈ മാസത്തെ രൂപതാ കമ്മിറ്റി 20-ാം തിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് കഴിഞ്ഞ് 2 മണിക്ക് മുണ്ടുപാലം ബ്ലെസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ച് രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റ്

സപ്തതി കുഞ്ഞച്ചൻ തീർത്ഥാടനപദയാത്ര, സിമ്പോസിയം എന്നിവയെക്കുറിച്ച് വിശദീകരിച്ചു. ജൂൺ മാസത്തെ റിപ്പോർട്ടും കണക്കും പാസ്സാക്കുകയും ചെയ്തു.

**രൂപതാ കൗൺസിൽ**

DCMS പാലാ രൂപതാസമിതിയുടെ ജൂലൈ മാസത്തെ രൂപതാ കമ്മിറ്റി 21-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് കഴിഞ്ഞ് 2 മണിക്ക് മുണ്ടുപാലം ബ്ലെസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ച് രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റ് സപ്തതി കുഞ്ഞച്ചൻ തീർത്ഥാടനപദയാത്ര, സിമ്പോസിയം എന്നിവയെകുറിച്ച് സംസാരിച്ചു. വാർഷിക കണക്കും വാർഷികറിപ്പോർട്ടും പാസ്സാക്കി.

**KCBC സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

KCBC/SC/ST/BC കമ്മീഷൻ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് നല്കുന്ന KCBC സ്കോളർഷിപ്പിന് അർഹമായ വിദ്യാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. 2023-2024 അദ്ധ്യയനവർഷം പാസ്സായ കുട്ടികൾക്കാണ് സ്കോളർഷിപ്പ് നല്കുന്നത്. SSLC 80%, Plus Two 70%, UG, PG, BSc Nursing, Engineering, Medicine, B.Ed, TTC - 60% മാർക്ക് വാങ്ങി പാസ്സായ ദളിത് കത്തോലിക്കാ വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് നല്കുന്നത്. അപേക്ഷ ഫോം രൂപതാ കൗൺസിൽ ഗ്രൂപ്പിലും, DCMS രൂപതാ ഓഫിസിലും ലഭ്യമാണ്. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷകൾ 2024 സെപ്റ്റംബർ 25 നകം രൂപതാ ഓഫിസിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

## കെയർ ഹോംസ്

**1. കെയർ ഹോംസ് മീറ്റിംഗുകൾ**

സ്പെഷൽ സ്കൂൾ വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി തുടർ പ്രവർത്തനങ്ങൾ ചർച്ചചെയ്തു. സെപ്റ്റംബർ 10-ാം തീയതി ഓണാഘോഷം നടത്തുവാൻ തീരുമാനിച്ചു. എല്ലാ സ്കൂളുകളും കഴിഞ്ഞവർഷംമുതലുള്ള റിപ്പോർട്ട് ഓഗസ്റ്റ് 30-നു മുമ്പായി തയാറാക്കാൻ തീരുമാനിച്ചു. എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച പ്രാർത്ഥനക്കൂട്ടായ്മ നടത്താൻ തീരുമാനിച്ചു.

**2. സ്പെഷ്യൽ ഒളിമ്പിക്സിൽ വിജയം**

ലോകത്തിലെ ഏറ്റവും വലിയ യൂത്ത് ഫുട്ബോൾ മേളകളിലൊന്നായ ഗോഥിയ കപ്പ് വിജയി ആശാനികേതൻ സ്പെഷ്യൽ സ്കൂളിലെ അബി ജോസിനെ ആദരിച്ചു.

**3. സഹായം**

കെയർ ഹോംസിന്റെ വിവിധ സ്ഥാപനങ്ങളിലേക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിച്ചുകൊടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. മീറ്റിംഗ്**

1. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. സംസ്ഥാനസമ്മേളനത്തിനു പോകാൻ പറ്റുന്നവരെ തീരുമാനിച്ചു.

2. സംസ്ഥാനസമ്മേളനം ഓഗസ്റ്റ് 18-ന് എറണാകുളം ടൗൺഹാളിൽ വച്ചു നടന്നു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കെ.എൽ.എം. എക്സിക്യൂട്ടീവ് മെമ്പേഴ്സ് പങ്കെടുത്തു. ഈ സമ്മേളനത്തിൽ വ്യവസായ-നിയമകാര്യ വകുപ്പ് മന്ത്രിക്ക് തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് മെമ്മോറാണ്ടം സമർപ്പിച്ചു. 32 രൂപതകളിൽനിന്നു പ്രതിനിധികൾ പങ്കെടുത്തു. സമ്മേളനത്തിൽ മൾട്ടി മീഡിയ പിജിക്ക് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്ന് ഒന്നാം റാങ്ക് കരസ്ഥമാക്കിയ പാലാ രൂപത ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവു പുരയിടത്തിനെ മെമന്റോ നൽകി ആദരിച്ചു.

**3. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

**3.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ**

ആഗസ്റ്റ് 4,11,18,25 തീയതികളിൽ അഡാർട്ടിൽവച്ച് ലഹരിവിരുദ്ധജീവിതം നയിക്കുന്നവർക്കുവേണ്ടി ഡയറക്ടറുടെ നേതൃത്വത്തിൽ മീറ്റിങ് നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ വർഷങ്ങളായി ലഹരിവിമുക്തജീവിതം നയിക്കുന്നവരെ അനുമോദിക്കുകയും ലഹരിവിമുക്തജീവിതം നയിക്കുന്നവർ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ക്ലാസുകൾ നടത്തുകയും ചെയ്തു.

**അൽ-അനോൺ, അൽ - അറ്റിൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ആഗസ്റ്റ് 10-ാം തീയതി ശനിയാഴ്ച രാവിലെ 11.30 ന് നടത്തപ്പെട്ടു.

**ബോധവത്കരണ ക്ലാസുകൾ**

ആഗസ്റ്റ് 4,11,14,18 തീയതികളിൽ പാദുവ സെന്റ് അൽഫോൻസ പള്ളി, ആയാംകുടി സെന്റ് അൽഫോൻസാ പള്ളി, മണ്ണാറപ്പാറ സെന്റ് സേവ്യേഴ്സ് വി.എച്ച്.എസ്.എസ്. സ്കൂൾ, അറക്കുളം സെന്റ് മേരീസ് പള്ളി എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ലഹരിവിരുദ്ധബോധവത്കരണ ക്ലാസുകൾ നടത്തി. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ സന്നദ്ധപ്രവർത്തകരായ കെ.ജെ. അബ്രാഹം, കെ.പി. ജോസഫ്, ഫോൺസി പി. സ്കറിയ തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം കൊടുത്തു.

**സ്വാതന്ത്ര്യദിനാഘോഷം**

ആഗസ്റ്റ് 15-ാം തീയതി അഡാർട്ടിൽവച്ച് സ്വാതന്ത്ര്യദിനാഘോഷം നടത്തി. ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ പതാക ഉയർത്തി. ചികിത്സയിലായിരിക്കുന്നവർക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

ആഗസ്റ്റ് 12-ാം തീയതി സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് Naksha Match Bharat Alobiyan സംഘടിപ്പിച്ച മയക്കുമരുന്നിനെതിരേയുള്ള പ്രതിജ്ഞയിൽ അഡാർട്ട് സ്റ്റാഫും രോഗികളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്തു.

**പുസ്തക പ്രകാശനം**

അഡാർട്ടും പാലാ ഗാന്ധിസെന്ററും സംയുക്തമായി നടത്തുന്ന ഗാന്ധി ദർശൻ പദ്ധതിയുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന 'ഗാന്ധിയൻ ദർശനങ്ങളും ലഹരിവിരുദ്ധസമൂഹവും' എന്ന പുസ്തകത്തിന്റെ അഞ്ചാം എഡിഷൻ ആഗസ്റ്റ് 18-ാം തീയതി പ്രകാശനം ചെയ്തു. അഡാർട്ടിൽ ചേർന്ന സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ പ്രകാശനം നിർവഹിച്ചു. എൻ.എം. സെബാസ്റ്റ്യൻ (പ്രോജക്ട് കോർഡിനേറ്റർ), കെ.ജെ. എബ്രാഹം, ജോൺ (എ.എ.) എന്നിവർ പ്രസംഗിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2024 ന്റെ രജിസ്ട്രേഷൻ അവസാനിച്ചു. ഹാൾ ടിക്കറ്റ് 2024 സെപ്റ്റംബർ 20 മുതൽ വെബ്സൈറ്റിൽ ലഭ്യമാണ്.

ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ.

| | | | | |
|---|---|---|---|---|
| A | 200 കുടുംബങ്ങളിൽ താഴെ | വാരിയാനിക്കാട് | പയ്യാനിത്തോട്ടം | കുളമാവ് |
| B | 400 കുടുംബങ്ങളിൽ താഴെ | ഇളന്തോട്ടം | മുത്തോലി | കുന്നോന്നി |
| C | 800 കുടുംബങ്ങളിൽ താഴെ | കൂത്താട്ടുകുളം | ഏന്തയാർ | കൂടല്ലൂർ |
| D | 800 കുടുംബങ്ങളിൽ കൂടുതൽ | കുറവിലങ്ങാട് | അരുവിത്തുറ | തിടനാട് |

സെന്ററുകൾ

1. മാർ സ്ലീവാ നഴ്സിങ് കോളേജ്, ചേർപ്പുങ്കൽ

2. എസ്.എച്ച്. ഹോസ്റ്റൽ, പാലാ

3. മരിയൻ മെഡിക്കൽ സെന്റർ, അരുണാപുരം

ലോഗോസ് പരീക്ഷാത്തീയതി : 2024 സെപ്റ്റംബർ 29 ഞായർ

സമയം : 2.00 pm മുതൽ 3.30 pm വരെ

| | | |
|---|---|---|
| പഠനഭാഗം : | ന്യായാധിപന്മാർ | 1-10 |
| | പ്രഭാഷകൻ | 34-40 |
| | ലൂക്കാ | 9-16 |
| | 2 കൊറിന്തോസ് | 7-13 |

പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ ആഗസ്റ്റ് മാസത്തിലെ ക്ലാസ് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 10-ാം തീയതി നടത്തും. സി. റോജിറ്റ് സി.എം.സി. ക്ലാസ് നയിച്ചു. 2023 ബാച്ചിലെ സർട്ടിഫിക്കറ്റുവിതരണം ആഗസ്റ്റ് 10-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്നു. ചരിത്രപുസ്തകങ്ങളെക്കുറിച്ചുള്ള പ്രസ്തുത കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ ഡയറക്ടർ ഫാ. തോമസ് പുതുപ്പറമ്പിൽ വിതരണം ചെയ്തു. 20 പേർ കോഴ്സ് വിജയകരമായി പൂർത്തിയാക്കി.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

1. എല്ലാ തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിലും ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടന്നു.

2. മൂലമറ്റം ബിഷപ്പ് വയലിൽ ആശുപത്രിയിൽ 01-08-2024 ന് വചനപ്രഘോഷണം നടത്തി.

3. 0-08-2024 ന് മുട്ടുചിറയിൽ വചനപ്രഘോഷണം നടത്തി.

4. 13-08-2024 ന് ഭരണങ്ങാനം ഫൊറോന പള്ളിയിൽ മരിയൻ പ്രഭാഷണം നടത്തി.

5. ആഗസ്റ്റ് 10,31 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

6. 13-08-2024 ന് ഹോസ്പിറ്റൽ മിനിസ്ട്രി അംഗങ്ങൾ മൂലമറ്റം ബിഷപ് വയലിൽ ആശുപത്രി സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു.

7. KCBC മദ്യവിരുദ്ധസമിതിയും പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയും ചേർന്ന് രൂപതയിലെ എല്ലാ സ്കൂളുകളുടെയും PTA സമ്മേളനം നടത്തി. അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് യോഗം ഉദ്ഘാടനം ചെയ്തു.

8. 27-08-2024 ന് പാലാ രൂപതാ 42-മത് ബൈബിൾ കൺവൻഷന്റെ ആലോചനാ സമ്മേളനം ബിഷപ്പ് ഹൗസിൽ ചേർന്നു.

9. രൂപതാ സ്ട്രീറ്റ് മിനിസ്ടി അംഗങ്ങൾ വിവിധ പ്രദേശങ്ങളിൽ ദൈവവചന പ്രഘോഷണം നടത്തി.

10. മൂലമറ്റം ഫൊറോന കൗൺസിൽ 12/08 /2024 ഉച്ചകഴിഞ്ഞ് 2.30 ന് ഫാ. തോമസ് താന്നിമലയുടെ അധ്യക്ഷതയിൽ ചേർന്നു.

11. കത്തീഡ്രൽ സോൺ A കൗൺസിൽ 14/08/2024 രാവിലെ 10.30 ന് റവ.ഫാ. ജോസഫ് തടത്തിൽ അവർകളുടെ അധ്യക്ഷതയിൽ കൂടി.

12. 14/08/2024 ബുധനാഴ്ച 1.30 pm ന് രൂപത എക്സിക്യൂട്ടീവ് ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

13. കത്തീഡ്രൽ ബി സോൺ ഫൊറോന കൗൺസിൽ 14/8/2024 ഉച്ചകഴിഞ്ഞ് 3:00 മണിക്ക് വെരി റവ. ജോസ് കാക്കല്ലിൽ അവർകളുടെ അധ്യക്ഷതയിൽ ചേർന്നു.

14. ചേർപ്പുങ്കൽ ഫൊറോന കൗൺസിൽ 17/08/2024 രാവിലെ 10 മണിക്ക് വെരി റവ. ഫാ ജോസഫ് പാനാമ്പുഴ ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത് അദ്ധ്യക്ഷത വഹിച്ചു.

15. ഭരണങ്ങാനം ഫൊറോനാ കൗൺസിൽ 17/08/2024 ഉച്ചകഴിഞ്ഞ് 2 മണിക്ക് വെരി റവ. ഫാ. സഖറിയാസ് അട്ടപ്പാട്ടിന്റെ അധ്യക്ഷതയിൽ ചേർന്നു. ഫാ. തോമസ് വാഴയിൽ ആശംസകൾ നേർന്നു.

16. തീക്കോയി ഫൊറോന കൗൺസിൽ 26/8/2024 രാവിലെ 10 മണിക്ക് വെരി റവ. ഫാ. തോമസ് മേനാച്ചേരിയുടെ അധ്യക്ഷതയിൽ കൂടി.

17. അരുവിത്തുറ ഫൊറോന കൗൺസിൽ 26/8/2024 ഉച്ചകഴിഞ്ഞ് 2.30 ന് ഫാ. എബ്രഹം കുഴിമുള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

18. കൂട്ടിക്കൽ ഫൊറോന കൗൺസിൽ 28/8/2024 2.30 pmന് വെരി റവ. ഫാ. ജോസഫ് വടക്കേമംഗലത്തിന്റെ അധ്യക്ഷതയിൽ കൂടി. ഫാ. ജോസ് കുഴിഞ്ഞാലിൽ ആശംസകൾ നേർന്നു സംസാരിച്ചു.

19. പൂഞ്ഞാർ ഫൊറോന കൗൺസിൽ 28/8/2024 2 pm ന് വെരി റവ. ഫാ. തോമസ് പനയ്ക്കക്കുഴിയിൽ അവർകളുടെ അധ്യക്ഷതയിൽ കൂടി. അസി.വികാരി ഫാ. മൈക്കിൾ നടുവിലേക്കുറ്റ് ആശംസകൾ നേർന്നു സംസാരിച്ചു.

എല്ലാ കൗൺസിൽ മീറ്റിങ്ങുകളിലും രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് പുതുപ്പറമ്പിൽ, പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ് മണ്ഡപത്തിൽ, സെക്രട്ടറി ബാബുപോൾ പെരിയപ്പുറം എന്നിവർ പങ്കെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ് മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ഥശുശ്രുഷ നടത്തപ്പെടുന്നു. രാവിലെ 9 മണി മുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. ആഗസ്റ്റ് മാസത്തിൽ ബ്രദർ തൊമ്മച്ചൻ എലപ്പത്തിനാൽ, റവ. ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ, ബ്രദർ ബിനോയി ഈട്ടിത്തോപ്പ്, ബ്രദർ സുനിൽ രാമപുരം എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തുകയുണ്ടായി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവികരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥനാ ദിനമായി പാലാ സോണിന് നല്കപ്പെട്ടിരിക്കുന്ന ജൂലൈ 7 ഞായർ മുട്ടുചിറ സബ് സോണിന്റെ നേതൃത്വത്തിൽ മുട്ടുചിറ ഹോളിഗോസ്റ്റ് ദൈവലയത്തിൽ വച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. ജോസഫ് (ഗോഡ്സൺ ) ചെങ്ങഴശ്ശേരിൽ (മുട്ടുചിറ സബ്സോൺ ആനിമേറ്റർ) തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. ശ്രീ ബിനു ജേക്കബ് (സോൺ സെക്രട്ടറി) വചന സന്ദേശം നൽകുകയും ചെയ്തു. റവ. ഫാ ജേക്കബ് വെള്ളമരുതങ്കൽ, റവ. ഫാ. ഗോഡ്സൺ (സബ് സോൺ ആനിമേറ്റർ) സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയുണ്ടായി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളി വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**4.** വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5.** ജൂലൈ 31 ന് പാലാ കിഴതടിയൂർ സെന്റ് ജോസഫ് പാരിഷ് ഹാളിൽ വച്ച് കേരള കാരിസ് സർവീസ് ഓഫ് കമ്മ്യൂണിയൻ (KCSC) കോ-ഓർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളി, ജോയിൻ കോ-ഓർഡിനേറ്റർ ശ്രീ സന്തോഷ് തലച്ചിറ എന്നിവർ ഉൾപ്പെടുന്ന ഡിസേണിംഗ് ടീം ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ സാന്നിധ്യത്തിൽ 2024-2026 വർഷത്തേക്കുള്ള പാലാ സോണൽ സേവനസമിതി അംഗങ്ങളെ എത്തിച്ചേർന്ന 230 സോണൽ അഡ്വൈസറി കൗൺസിൽ (ZAC )അംഗങ്ങൾ KCSC യുടെ മാർഗ്ഗരേഖ അനുസരിച്ച് താഴെപ്പറയുന്ന അംഗങ്ങളെ വോട്ടെടുപ്പിലൂടെ തിരഞ്ഞെടുത്തു.

ശ്രീ മാത്യുകുട്ടി താന്നിക്കൽ (കോ - ഓർഡിനേറ്റർ), ശ്രീ ബിനു ജേക്കബ് വാഴേപ്പറമ്പിൽ (സെക്രട്ടറി), ശ്രീ ബൈജു ജോസഫ് ഇടമുളയിൽ (ട്രഷറർ), ശ്രീ

ബാബു തൊമ്മനാമറ്റം, ശ്രീമതി ബീനാ ഷാജി അറയ്ക്കൽ, ശ്രീമതി ജാൻസി ഫ്രാൻസിസ് കുരിശിങ്കൽപറമ്പിൽ, ശ്രീ ലാലു പി.എസ്. പാലമറ്റത്തിൽ, ശ്രീമതി സുനു സാജ് പുള്ളിക്കാട്ടിൽ, ശ്രീ വി.റ്റി. മത്തായി വാളിയാങ്കൽ, ശ്രീമതി ലിൻസി സജി കുരിശുമൂട്ടിൽ.

തിരഞ്ഞെടുത്തവർക്കായി 28, 29 തീയതികളിൽ എറണാകുളം എമ്മാവൂസിൽ വച്ച് റൈറ്റ് റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ (KCBC കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ) പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഫോർമേഷൻ & കമ്മീഷനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുകയുണ്ടായി.

**7. രാത്രിയാരാധന**

വി. അൽഫോൻസാ തീർത്ഥാടനദേവാലയത്തിൽ വച്ച് ആഗസ്റ്റ് 31 ശനി രാത്രിയാരാധന നടത്തപ്പെട്ടു. ബ്രദർ ബോണി സെബാസ്റ്റ്യൻ (മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം തിരുവനന്തപുരം) വചനപ്രഘോഷണവും ആരാധനയും നയിച്ചു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. പാലാ രൂപതയിലെ ഇവാഞ്ചലൈസേഷൻ ലീഡേഴ്സിന്റെ ധ്യാനം ആഗസ്റ്റ് 19 മുതൽ 23 വരെ മൗണ്ട് നെബോ ആബാഭവനത്തിൽവച്ച് നടത്തി.

2. 2024 ആഗസ്റ്റ് 25 മുതൽ ആഗസ്റ്റ് 31 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യനുഭവധ്യാനം നടന്നു.

3. രണ്ടാം ശനിയാഴ്ചതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ അഭിഷേക-കൈവയ്പ്പുശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - ആഗസ്റ്റ് 10 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2024 സെപ്റ്റംബർ 14 - ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2024 സെപ്റ്റംബർ 15 മുതൽ 21 വരെ പഞ്ചദിന ദൈവരാജ്യനുഭവധ്യാനം.

ബുക്കിംഗിന് : www.mountnebo.online വെബ്സൈറ്റ് സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനാക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു. SFO രൂപത സ്പിരിചൽ അസിസ്റ്റന്റുമാരുടെ നേതൃത്വത്തിൽ രൂപത, റീജിയൻ ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കുകയും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിർജീവമായ യൂണിറ്റുകൾ പുനഃ സംഘടിപ്പിച്ച് പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും ശ്രമിച്ചുവരുന്നു. വിശുദ്ധ ഫ്രാൻസിസ് അസ്സീസി പഞ്ചക്ഷതം ധരിച്ചതിന്റെ 800-ാമത് വാർഷികം സഭ ഈ വർഷം ആഘോഷിക്കുകയാണല്ലോ. അതിന്റെ അനുസ്മരണത്തിനായി ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് സെപ്റ്റംബറിൽ ഫ്രാൻസിസ്കൻ സഭകളുടെ ആഭിമുഖ്യത്തിൽ വിപുലമായ ആഘോഷപരിപാടികൾ നടത്തുന്നതിനായി ശ്രമിച്ചുവരുന്നു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിംഗ്**

(1) ഡി.എഫ്.സി. രൂപത, ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പിതാവിനെ സന്ദർശിച്ചു. എല്ലാവരും ഒറ്റക്കെട്ടായി ദീപിക ദിനപത്രത്തിനുവേണ്ടി നിലകൊള്ളണമെന്നും ഡി.എഫ്.സിയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും പറയുകയുണ്ടായി.

**2. ഫൊറോന മീറ്റിംഗ്**

1) ഡി.എഫ്.സി അരുവിത്തുറ ഫൊറോന മീറ്റിംഗ് നടന്നു.

**3. ഫൊറോന കൺവെൻഷൻ**

**1. അരുവിത്തുറ ഫൊറോന കൺവെൻഷൻ**

ഓഗസ്റ്റ് 4-ന് അരുവിത്തുറ സെന്റ് ജോർജ് പാരിഷ് ഹാളിൽ നടന്നു. ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ കൺവെൻഷൻ ഉദ്ഘാടനം നടത്തി. തദവസരത്തിൽ 75 വർഷം ദീപിക വരിക്കാർ ആയവരെയും ഈ വർഷം പ്ലസ് ടു, സൺഡേ സ്കൂൾ പരീക്ഷകളിൽ ഫുൾ മാർക്കു നേടിയ വിദ്യാർത്ഥികളെയും വിവിധ മേഖലകളിൽ മികവു തെളിയിച്ചവരെയും ആദരിച്ചു. രൂപത കോ-ഓർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നു ചെരിവുപുരയിടം, ഡി.എഫ്.സി ഫൊറോനാ ഡയറക്ടർ ഫാ. എബ്രാഹം കുഴിമുള്ളിൽ, സംസ്ഥാന പ്രസിഡന്റ് ജോർജ് വടക്കേൽ, രൂപത പ്രസിഡന്റ് ജെയ്സൺ ജോസഫ്, ഫൊറോന പ്രസിഡന്റ് ജോസ് കഴവഞ്ചിയിൽ, രൂപത വനിത പ്രസിഡന്റ് ജാൻസി തോട്ടക്കര, ഫൊറോന വനിത പ്രസിഡന്റ് ആലീസ് പാറയടിയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**2. കടനാട് ഫൊറോന കൺവെൻഷൻ**

ഡി.എഫ്.സി. കടനാട് ഫൊറോന കൺവെൻഷൻ സെപ്റ്റംബർ 17-നു നടത്താൻ തീരുമാനിച്ചു. കൺവെൻഷന്റെ നടത്തിപ്പിനായി സ്വാഗതസംഘം രൂപീകരിച്ചു. ചെയർമാൻ വെരി റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര, ജനറൽ കൺവീനർ ശ്രീ. മധു സെബാസ്റ്റ്യൻ, ജോ. കൺവീനർ ശ്രീമതി ജാൻസി തോട്ടക്കര, സപ്ലിമെന്റ് കമ്മിറ്റി ശ്രീ. മാത്യുക്കുട്ടി ജോസഫ്, കൺവീനർ ടോമി വാളികുളം, ജോയ് വരകിൽ, രാജൻ കോലത്ത്, അപ്പച്ചൻ മൈലിക്കൽ.

**3. പൂഞ്ഞാർ, കൂട്ടിക്കൽ ഫൊറോന കൺവെൻഷൻ**

ഡി.എഫ്.സി പൂഞ്ഞാർ, കൂട്ടിക്കൽ കൺവെൻഷൻ സംയുക്തമായി സെപ്റ്റംബർ 22-ന് നടത്തുവാൻ തീരുമാനിച്ചു. കൺവെൻഷന്റെ നടത്തിപ്പിനായി സ്വാഗതസംഘം രൂപീകരിച്ചു. ചെയർമാൻ വെരി റവ ഫാ. തോമസ് പനയ്ക്ക കുഴി, വൈസ് ചെയർമാൻ വെരി റവ ഫാ. ജോസഫ് വടക്കേമംഗലത്ത്, ജനറൽ കൺവീനർ പി.കെ. കോശി, സപ്ലിമെന്റ് കമ്മിറ്റി സെബാസ്റ്റ്യൻ കുറ്റിയാനി (കൺവീ നർ), സാബു മുളങ്കുന്ന്, സ്റ്റാൻലി ജോർജ്, പി.കെ. കോശി തുടങ്ങിയവരെ തെര ഞ്ഞെടുത്തു.

**4. ദീപിക നമ്മുടെ ഭാഷാപദ്ധതി**

പാലാ സെന്റ് തോമസ് ടിടിഐ യിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി സ്കൂൾ മാനേജർ റവ. ഫാ. ജോസ് കാക്കല്ലിൽ ദീപിക പത്രം ഹെഡ്മാസ്റ്റർ പി. ജെ. സിബിക്കു നൽകി ഉദ്ഘാടനം ചെയ്തു.

ഡി.എഫ്.സി രൂപത കോർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരി വുപുരയിടം, രൂപത പ്രസിഡന്റ് ജയ്സൺ ജോസഫ്, ഫൊറോന പ്രസിഡന്റ് വി.റ്റി. ജോസഫ്, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**ഇൻഫാം എക്സിക്യൂട്ടീവ് കമ്മറ്റികൾ**

ഇൻഫാം പാലാ കാർഷിക ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗ ങ്ങൾ 29-07-2024, 11-08-2024 എന്നീ തീയതികളിൽ നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ജോസ് തറപ്പേലിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ 17-08-2024 (ചിങ്ങം 1) കർഷകദിനമായി ആചരിക്കുന്നതിനും അന്നേദിവസം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂ ട്ടിൽ വച്ച് അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അധ്യക്ഷതയിൽ കർഷ കസമ്മേളനം നടത്തുന്നതിനും തീരുമാനിച്ചു.

**മണലുങ്കൽ യൂണിറ്റ് രൂപീകരണം**

ഇൻഫാം പാലാ കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ 11-08-2024 ഞായറാഴ്ച മണലുങ്കൽ ഇടവക സന്ദർശിക്കുകയും വിശുദ്ധ കുർബാന അർപ്പിച്ച്

ഇൻഫാം യൂണിറ്റ് തുടങ്ങുന്നത് സംബന്ധിച്ചു സംസാരിക്കുകയും ചെയ്തു. തുടർന്ന് നടന്ന സമ്മേളനത്തിൽ യൂണിറ്റ് രൂപീകരണവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു.

**കർഷകദിനാചരണം**

പാലാ കാർഷികജില്ലയുടെ ആഭിമുഖ്യത്തിൽ 17-08-2024 (ചിങ്ങം 1) കർഷകദിനം ആചരിച്ചു. പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന സമ്മേളനം പാലാ ബിഷപ് അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. കർഷകർ നല്ല നിലത്ത് വിത്തുവിതച്ച് നൂറുമേനി ഫലങ്ങൾ പുറപ്പെടുവിച്ചു ലോകത്തെ തീറ്റിപ്പോറ്റുന്നവരാണെന്നും കർഷകർ എല്ലാവരും ആദരിക്കപ്പെടേണ്ടവരാണെന്നും പിതാവ് ഓർമിപ്പിച്ചു. കാർഷിക ജില്ലാ പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാമടിയിൽ അധ്യക്ഷത വഹിച്ചു. ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പി. എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ജില്ലാസെക്രട്ടറി തോമസ് മറ്റം, ജോയിന്റ് സെക്രട്ടറി ജെസ്റ്റിൻ സെബാസ്റ്റ്യൻ ഇടയോടിയിൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ തുരുത്തിപ്പള്ളി പള്ളിയിലെ അംഗങ്ങളുടെ കാർഡുവിതരണം നടത്തി. വിവിധ ഇടവകകളിൽനിന്നായി ഇരുന്നൂറ്റി ഇരുപതോളം അംഗങ്ങൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. സ്നേഹവിരുന്നോടെ പരിപാടികൾ അവസാനിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## റവ. സി. ലെല്ലിസ് കണിപ്പിള്ളിൽ FCC

രാമപുരം ഇടവക കണിപ്പിള്ളിൽ ജോർജ് വർഗീസ്-ത്രേസ്യാമ്മ ദമ്പതിളുടെ 3 പെൺമക്കളിൽ മൂത്തവളായ ഏലിക്കുട്ടി 16-07-1936 ൽ ജനിച്ചു. 1954 ൽ SSLC പൂർത്തിയാക്കിയ ഏലിക്കുട്ടി കർത്താവിന്റെ സ്വന്തമായിത്തീരാനുള്ള അതിയായ ദാഹത്തോടെ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിൽ പ്രവേശിച്ചു. 28-05-1956-ൽ സഭാവസ്ത്രം സ്വീകരിച്ച് അമ്മ 30-05-1957-ൽ ആദ്യവ്രതവാഗ്ദാനവും 30-05-1960-ൽ നിത്യവ്രതവാഗ്ദാനവും നടത്തി. സഭാവസ്ത്രസ്വീകരണത്തിൽ 'സി. ലെല്ലിസ്' എന്ന നാമം സ്വീകരിച്ച അമ്മ 1960-ൽ Hindi Teachers Training പാസ്സായി കോതനല്ലൂർ സ്കൂളിൽ തന്റെ അധ്യാപകവൃത്തി ആരംഭിച്ചു. തുടർന്ന് കണ്ണാടിയുറുമ്പ്, പൂഞ്ഞാർ, പുലിയന്നൂർ, മഞ്ഞാമറ്റം, കാഞ്ഞിരമറ്റം എന്നീ സ്കൂളുകളിൽ അധ്യാപികയായി സേവനം അനുഷ്ഠിച്ചു. 1992 ൽ അമ്മ തന്റെ അധ്യാപനരംഗത്തുനിന്നു വിരമിക്കുമ്പോൾ വളരെ വലിയ ശിഷ്യസമ്പത്തിനുടമയായിത്തീർന്നിരുന്നു. കുഞ്ഞുങ്ങളെ ഏറെ സ്നേഹിച്ച അമ്മ അവരുടെ ഹൃദയങ്ങളിൽ മായാത്ത വ്യക്തിമുദ്ര സ്ഥാപിക്കുകയും തന്നെ ഏല്പിച്ചിരുന്ന അധ്യാപകപ്രേഷിതദൗത്യം ഏറെ വിശ്വസ്തതയോടെ അനുഷ്ഠിക്കുകയും ചെയ്തു.

ജീവിതയാത്ര ഇങ്ങനെ ശാന്തമായി മുന്നോട്ടുനീങ്ങവേ ശാരീരികമായ അസ്വസ്ഥതകൾ കാരണം 03/06/2024 ൽ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കപ്പെട്ടു. കുറവു കണ്ടതിനാൽ 10-06-2024 ൽ ഡിസ്ചാർജ് ചെയ്യുകയും 17/06/2024 ൽ ഛർദിയും ശ്വാസതടസ്സവും കാരണം വീണ്ടും ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും 18/06/2024 ൽ രോഗീലേപനം നൽകുകയും ചെയ്തു. 10/07/2024 ൽ ഡിസ്ചാർജ് ചെയ്യപ്പെട്ട അമ്മയുടെ

നില ഗുരുതരമായി തുടരുകയും 22/07/2024 തിങ്കളാഴ്ച വെളുപ്പിന് 3 മണിക്ക് അമ്മയുടെ പാവനാത്മാവ് ദിവ്യനാഥന്റെ സന്നിധിയിലേക്ക് പറന്നുയരുകയും ചെയ്തു.

പിറ്റേദിവസം 23/07/2024 ചൊവ്വാഴ്ച 10.00 എ.എം ന് വിശുദ്ധ കുർബ്ബാനയോടുകൂടി ശവസംസ്കാരച്ചടങ്ങുകൾ ആരംഭിച്ചു. റവ.ഫാ. അഗസ്റ്റിൻ തെരുവത്ത് വിശുദ്ധ കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് പാലാ രൂപത കത്തീഡ്രൽ ഇടവക അസിസ്റ്റന്റ് വികാർ റവ. ഫാ. ജോർജ് ഒഴുകയിൽ ശവസംസ്കാരച്ചടങ്ങുകൾക്കു നേതൃത്വം വഹിച്ചു. പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് പാലാ രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് റവ. ഫാ. ജോസഫ് തടത്തിൽ കാർമ്മികത്വം വഹിക്കുകയും അമ്മ സഭയ്ക്കും സമൂഹത്തിനും ചെയ്ത നന്മകൾ ഏറ്റുപറഞ്ഞ് കണിപ്പള്ളിൽ കുടുംബത്തിനും FCCസമൂഹത്തിനും അഭിനന്ദനങ്ങളർപ്പിക്കുകയും നന്ദി പറയുകയും ചെയ്തു. തുടർന്ന് പാലാപ്പള്ളി സിമിത്തേരിയിൽ മൃതദേഹം സമസ്കരിച്ചു.

കാരുണ്യവാനായ ദിവ്യനാഥൻ താന്റെ വിശ്വസ്ത മണവാട്ടിയെ ജീവന്റെ കിരീടം അണിയിക്കട്ടെ എന്ന് നമുക്കു പ്രാർഥിക്കാം.



## സി. ജോസിറ്റ് പുന്നയ്ക്കൽ എഫ്.സി.സി.

പാലാ രൂപത മലയിഞ്ചിപ്പാറ ഇടവക പുന്നയ്ക്കൽ സെബാസ്റ്റ്യൻ - മോനിക്ക ദമ്പതികളുടെ ആറാമത്തെ സന്താനമായി 22-02-1937 ൽ സി. ജോസിറ്റ ഭൂജാതയായി. മാമ്മോദീസായിൽ മറിയം എന്ന പേര് നൽകപ്പെട്ടു. വിവിധ സ്കൂളുകളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടി. വളരെ ചെറുപ്പത്തിൽതന്നെ ദൈവമാതൃഭക്തിയിലും വിശ്വാസപരമായ കാര്യങ്ങളിലും നിഷ്ഠ വച്ചിരുന്ന ജോസിറ്റാമ്മ ദൈവവചന വായനയിലൂടെ ഈശോയെ അടുത്തറിഞ്ഞു. രോഗികളെ സുഖപ്പെടുത്തി കടന്നുപോയ ഈശോയുടെ ജീവിതം അവളെ വളരെയധികം ആകർഷിച്ചു.

ബീഹാറിലെ ഹോളിഫാമിലി ഹോസ്പിറ്റലിൽനിന്നു നഴ്സിംഗ് പഠനം പൂർത്തിയാക്കി. കാരിത്താസ് ഹോസ്പിറ്റൽ തെള്ളകം ഐ.എച്ച്. എം. ഹോസ്പിറ്റൽ, ഭരണങ്ങാനം കണ്ണൂർ ഇവിടെയെല്ലാം സ്റ്റാഫ് നേഴ്സായി ജോലി ചെയ്തു. കൂട്ടിക്കൽ ഗവ. ഹെൽത്ത് സെന്ററിൽ ഹെഡ് നേഴ്സായി സേവനം ചെയ്തുവരവേ ദിവ്യനാഥന്റെ വിളിയുടെ സ്വരം തിരിച്ചറിഞ്ഞു. 1977 ൽ ഫ്രാൻസിസ് ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹത്തിൽ

അർത്ഥിനിയായി ചേർന്നു. 27-12-1979 ൽ പ്രഥമവ്രതവാഗ്ദാനം നടത്തുകയും സി. ജോസിറ്റ എന്ന പേര് സ്വീകരിക്കുകയും ചെയ്തു. 23-5-1983 ൽ നിത്യവ്രതവാഗ്ദാനം നടത്തി നാഥന്റെ സ്വന്തമായിത്തീർന്നു.

സന്ന്യാസസമർപ്പണജീവിതത്തിലേക്കു കടന്നുവന്ന ജോസിറ്റാമ്മയെ കൂട്ടിക്കൽ ദേശവാസികളുടെ ആഗ്രഹവും താത്പര്യവും അനുസരിച്ച് കൂട്ടിക്കൽ ഹെൽത്ത് സെന്ററിലേക്കുതന്നെ അധികാരികൾ അയച്ചു. പെൻഷൻ ആയതിനുശേഷവും കാഞ്ഞിരപ്പള്ളി മേരിക്വീൻസ് ഹോസ്പിറ്റലിൽ ജോലി ചെയ്തു. തുടർന്ന് പ്രോവിൻഷ്യൽ ഹൗസ്, പെരിങ്ങുളം എന്നീ മഠങ്ങളിലും തിടനാട് ക്ലാരാനഗർ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്ററായും സേവനം ചെയ്തു.

ഏതാണ്ട് അഞ്ചു വർഷമായി ക്ലാരാനഗർ ഭവനത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. ഈ അടുത്തനാളിൽ ജോസിറ്റാമ്മയ്ക്ക് പനി വരികയും 11-08-2024 ൽ ഞായറാഴ്ച മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കുകയും ചെയ്തു. 13-08-2024 ചൊവ്വാഴ്ച രാത്രി 8.30 ന് ജോസിറ്റാമ്മയുടെ പാവനാത്മമാവുതന്നെ വിളിച്ചു സ്വന്തമാക്കിയതിന്റെ പക്കലേക്കു തിരിച്ചുപോവുകയും ചെയ്തു.

അന്നുതന്നെ രാത്രി 11 ന് മൃതശരീരം മഠത്തിൽ കൊണ്ടുവന്നു. പിറ്റേദിവസം ഉച്ചയ്ക്ക് 1.30 ന് ദിവ്യബലിയോടെ സംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. റവ.ഫാ. ജോർജ് മുളങ്ങാട്ടിൽ ദിവ്യബലി അർപ്പിക്കുകയും ദിവ്യബലിമദ്ധ്യേ ജോസിറ്റാമ്മയുടെ ജീവിതത്തെ പുരസ്കരിച്ചു സംസാരിക്കുകയും ചെയ്തു. പിന്നീട് തിടനാട് പള്ളിയിലെ ബഹു. അച്ചന്മാർ ചേർന്ന് അവസാനപ്രാർത്ഥനകൾ നടത്തി. മൃതശരീരം പള്ളിയിലേക്ക് കൊണ്ടുപോയി. അവിടെവച്ച് പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് റവ. ഫാ. ജോസഫ് തടത്തിൽ കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു. അനുസ്മരണപ്രസംഗം നടത്തുകയും ചെയ്തു.

മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെ അവിടുത്തെ കരം പിടിച്ച് ഭയപ്പെടാതെ നീങ്ങിയ ബഹു. ജോസിറ്റാമ്മയെ ദിവ്യമണവാളൻ മഹത്ത്വത്തിന്റെ കിരീടം അണിയിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.



## സി. എലൈസ് കുറ്റിയാനിക്കൽ (SMC)

പാലാ രൂപത, തീക്കോയി ഇടവകയിൽ കുറ്റിയാനിക്കൽ പരേതരായ ജോസഫിന്റെയും ത്രേസ്യായുടെയും 11 മക്കളിൽ മൂത്തപുത്രിയായി 1946 സെപ്റ്റംബർ 27ന് ഏലിക്കുട്ടി ഭൂജാതയായി. സ്കൂൾ

വിദ്യാഭ്യാസത്തിനുശേഷം 1972 ഏപ്രിൽ 23 ന് സെന്റ് മർത്താസ് സന്ന്യാസിനീസമൂഹത്തിൽ അർത്ഥിനിയായി പ്രവേശിച്ചു. സന്ന്യാസപരിശീലനത്തിനുശേഷം 1974 മെയ് 22 ന് ആദ്യവ്രതവാഗ്ദാനം നടത്തി സിസ്റ്റർ എലൈസ് എന്ന പേരു സ്വീകരിച്ചു. 1981 മെയ് 8 ന് നിത്യവ്രതവാഗ്ദാനത്തിലൂടെ ഈശോയ്ക്ക് തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചു.

ആദ്യബാച്ചിലെ അംഗമെന്ന നിലയിൽ സമൂഹത്തിന്റെ ബാലാരിഷ്ടതകൾ ഏറെ അനുഭവിച്ച അമ്മ, ഒരു ഭക്തസമൂഹമായി രൂപംകൊണ്ട സമൂഹത്തെ ഒരു സന്ന്യാസിനീസമൂഹമായി രൂപപ്പെടുത്തുന്നതിനുവേണ്ടി അത്യധ്വാനം ചെയ്ത വ്യക്തികളിൽ അഗ്രഗണ്യയായിരുന്നു. 1984-87 കാലഘട്ടങ്ങളിൽ സുപ്പീരിയർ ജനറലായും വിവിധ കാലഘട്ടങ്ങളിൽ ജനറൽ കൗൺസിലറായും അധികാരശുശ്രൂഷ നിർവഹിച്ച അമ്മ സമൂഹങ്ങളുടെ ആത്മീയവളർച്ചയ്ക്കും സമൂഹസിദ്ധിയുടെ വളർച്ചയ്ക്കുമായി നിരന്തരം യത്നിച്ചു. സമൂഹത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ അംഗങ്ങളെ ചേർത്തുനിർത്തി ദൈവത്തിൽ ശരണപ്പെട്ട് ധീരതയോടെ മുന്നോട്ടിറങ്ങി സമൂഹത്തിന്റെ നാനാവിധ വളർച്ചയ്ക്കായി കഠിനാദ്ധ്വാനം ചെയ്തു. എലൈസമ്മ അമനകര, പാലാ, ബാംഗ്ലൂർ തുടങ്ങിയ വിവിധ ഭവനങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്.

2023 ൽ അമനകര കമ്മ്യൂണിറ്റിയിൽ ആയിരുന്ന അമ്മയെ ശാരീരിക അസ്വസ്ഥത കൂടിയതിനെത്തുടർന്ന് കൂടുതൽ ശുശ്രൂഷയ്ക്കായി പാലാ ജനറലേറ്റിൽ കൊണ്ടുവരികയും കൂടുതൽ ചികിത്സാസൗകര്യാർത്ഥം ചെങ്ങളം ഭവനത്തിലേക്കു മാറ്റുകയും ചെയ്തു. തികഞ്ഞ സന്തോഷവതിയായിരുന്ന അമ്മ ശാരീരികമായ അസ്വസ്ഥത വർദ്ധിച്ചതിനെത്തുടർന്ന് അന്ത്യകൂദാശകൾ സ്വീകരിച്ച് ഭവനാംഗങ്ങൾ എല്ലാവരും പ്രാർത്ഥിച്ചുകൊണ്ടു നിൽക്കേ ജൂലൈ 8-ാം തീയതി രാവിലെ 1.45-ന് 1 തെസ്‌ലോനി 4/14 അന്വർത്ഥമാകുമാറ് യേശുവിൽ നിദ്ര പ്രാപിച്ചവരെ ദൈവം അവനോടുകൂടി ഉയർപ്പിക്കും എന്ന പ്രത്യാശയിൽ, ശാന്തമായി ദൈവസന്നിധിയിലേക്കു യാത്രയായി.

ജൂലൈ 11 രാവിലെ 9 മണിക്ക് പാലാ രൂപതാ സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ ബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ മൃതദേഹം പാലാ ളാലം പുത്തൻപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. മരിച്ചവരെ നിത്യതയിൽ ഉയർപ്പിക്കുന്ന ദൈവം അമ്മയെ മഹത്ത്വത്തിന്റെ കിരീടം അണിയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## AUGUST 2024

| | | |
|---|---|---|
| 01 | 10.00 am | മരിയൻ ഹോസ്പിറ്റലിൽ പുതിയ ഡയാലിസിസ് ലാബിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. |
| | 12.30 pm | സി.എം.എഫ്. സഭാംഗമായ മാത്യു ഞായറുകുളം അച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 02 | 02.30 pm | മദ്ധ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ നടന്ന പി.റ്റി.എ. പ്രസിഡന്റുമാരുടെ ബോധവത്കരണസെമിനാർ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 05.00 pm | മെഡിസിറ്റി ഗവേർണിംഗ് ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| 03 | 09.00 am | ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ വച്ചുനടന്ന ദേശീയ സെമിനാർ "അൽഫോൻസിയൻ ആത്മായനം" ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 12.45 pm | പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന കൂടല്ലൂർ ഇടവകാംഗമായ ബഹു. ബോബൻ കൊല്ലപ്പള്ളിയച്ചന്റെ ജൂബിലിയാഘോഷങ്ങളിൽ സംബന്ധിച്ച് ആശംസകൾ നൽകി. |
| | 04.00 pm | മൂലമറ്റം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 04 | | മൂലമറ്റം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 05 | | എസ്.എച്ച്. പാലാ പ്രൊവിൻഷ്യാൾ ഹൗസിൽ പ്രൊവിൻസ് ഡേയോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി. |

| | | |
|---|---|---|
| 6-9 | | കാക്കനാട് വച്ചുനടന്ന കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 10 | 10.00 am | എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേയോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 02.30 pm | ഇലപ്പള്ളി ഇടവകയിൽ പുതിയാപറമ്പിൽ ജിബിൻ–റാണി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് പ്രാരംഭ കൂദാശകൾ നൽകി. |
| | 05.00 pm | ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനപള്ളിയുടെ നവീകരിച്ച വൈദികമന്ദിരത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു സന്ദേശം നൽകി. |
| 11 | 03.00 pm | പാദുവാ പള്ളിയുടെ കൂദാശാകർമം നിർവഹിച്ചു. |
| | 05.00 pm | മൈലപ്പറമ്പിൽ ബഹു. ജോസഫച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പള്ളിയിലെ തിരുകർമ്മത്തിന് നേതൃത്വം നടത്തി. |
| 12 | | ചങ്ങനാശ്ശേരിയിൽ വച്ചു നടത്തപ്പെട്ട ഇന്റർ എപ്പാർക്കിയൽ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 03.00 pm | സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ അവലോകനയോഗത്തിൽ പങ്കെടുത്തു. |
| 13 | | ബിഷപ്പ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | മേലുകാവുമറ്റത്ത് മെഡിസിറ്റി അസംപ്ഷൻ ഹോസ്പിറ്റലിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |
| | 06.00 pm | കോട്ടയം വടവാതൂർ മേജർ സെമിനാരിയിൽ കമ്മീഷൻ വിസിറ്റ് നടത്തി. |
| 14 | | കളത്തൂർ പള്ളിയിൽ ട്യൂറ ബിഷപ് അഭിവന്ദ്യ മാർ ജോർജ് മാമലശ്ശേരി പിതാവിന്റെ 41–ാം ചരമദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. |
| | 03.00 pm | പി.എസ്.ഡബ്ല്യു.എസ്. നേതൃത്വത്തിൽ ബിഷപ്പ് ഹൗസിൽ നടന്ന കുട്ടികളും കൃഷിയിലേക്ക് എന്ന സെമിനാറിൽ പങ്കെടുത്തു സന്ദേശം നൽകി. |
| | 08.15 pm | ഇടമറുക് ഇടവകയിൽ കടപ്ലാക്കൽ മേരി തോമസിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| 15 | 06.00 am | ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ 51-ാം വാർഷികത്തോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബാനയിൽ സംബന്ധിച്ചു. |
| | 09.00 am | ബിഷ്പ്സ് ഹൗസിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ദേശീയപതാക ഉയർത്തി. |
| | 09.20 am | ബിഷപ്സ് ഹൗസിൽ രൂപതാ മീഡിയ കമ്മീഷന്റെ സ്റ്റുഡിയോയുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. |
| | 02.30 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന സ്കൂൾ കാറ്റക്കിസം റിലീജിയസ് ഇൻസ്ട്രക്ഷന്റെ പ്രവർത്തനവർഷോദ്ഘാടനവും സമ്മാനദാനവും നിർവഹിച്ചു. |
| | 04.00 pm | മരങ്ങോലി സെന്റ് മേരീസ് പള്ളിയുടെ നവീകരിച്ച അൾത്താരയുടെ കൂദാശാകർമ്മം നിർവഹിച്ചു. |
| | 06.00 pm | കുറവിലങ്ങാട് പള്ളിയിൽ പുതുതായി നിർമിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു സന്ദേശം നൽകി. |
| 16 | 10.00 am | സെന്റ് തോമസ് കോളേജിന്റെ ജൂബിലിവർഷത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു. എക്സാം കൺട്രോളർ റൂമിന്റെ വെഞ്ചരിപ്പുകർമവും നിർവഹിച്ചു. |
| | 12.00 pm | മെഡിസിറ്റിയിൽ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 17 | 11.00 am | വേലനിലം ഇടവകയിൽ കുറ്റിയാനിക്കൽ ജോർജുകുട്ടി - നിമ്മി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് മാമ്മോദീസായും സൈഥര്യലേപനം നൽകി. |
| 18 | 03.00 pm | സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയോടനുബന്ധിച്ചുള്ള പ്രസ് മീറ്റിൽ പങ്കെടുത്തു. |
| | 04.00 pm | അവലോകനമീറ്റിങ്ങിൽ പങ്കെടുത്തു. |
| 28 | 08.00 am | കടനാട് ഇടവകയിൽ ബഹുമാനപ്പെട്ട മൈക്കിൾ വടക്കേക്കര അച്ചന്റെ പിതാവ് ദേവസ്യ മാത്യുവിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 29-31 | | സീറോ മലബാർ സിനഡിലും മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലും പങ്കെടുത്തു. |



ഇന്ത്യയിലെ വത്തിക്കാൻ
സ്ഥാനപതിയായ
ആർച്ചുബിഷപ്
ലെയോപോൾദോ ജിറേല്ലി
ഭരണങ്ങാനം അൽഫോൻസാ
തീർത്ഥാടനപ്പള്ളിയും ഇടവക
പ്പള്ളിയും സന്ദർശിച്ചപ്പോൾ















എംജി യൂണിവേഴ്സിറ്റി ബി.എഡിന്
8–ാം റാങ്ക് കരസ്ഥമാക്കിയ
## ഫാ. കുര്യാക്കോസ് വട്ടമുകളേലിന്
## അഭിനന്ദനങ്ങൾ



പാലാ അൽഫോൻസിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചുനടന്ന കർഷകദിനാചരണത്തിന്റെ (ചിങ്ങം 1) ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



പാലാ സെന്റ് തോമസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചുള്ള ആഘോഷങ്ങളിൽനിന്ന്



പാലാ രൂപത വിശ്വാസ-സന്മാർഗ്ഗബോധനപ്പരീക്ഷയുടെ രൂപതാവാർഷിക ഉദ്ഘാടനവും സ്കോളർഷിപ്പുവിതരണവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് നിർവ്വഹിക്കുന്നു.








**ഇടയനടുത്ത സന്ദർശനത്തിൽനിന്ന്**
**മൂലമറ്റം ഫൊറോനപള്ളി**










**2024**
**SEPTEMBER**

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

പ്ലാറ്റിനം ജൂബിലി നിറവിൽ

**PLATINUM JUBILEE**
**EPARCHY OF PALAI**
**1950 - 2025**

പാലാ രൂപത

*Printed at St.Thomas Press, Palai and Published by Fr. Mani Kozhuppankutty*